കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# കുമാരപുരം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

**e-mail:ddhglfalpy@gmail.com**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/പി11-1048/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

തീയതി: 07.08.2017
ഫോൺ – 0477 2252753
ഇ-മെയിൽ – ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കുമാരപുരം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കുമാരപുരം ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

******************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡിക ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/പി11-1048/2017 തീയതി: 07.08.2017

## ആലപ്പുഴ ജില്ലയിലെ കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 21.12.2016 മുതൽ 21.07.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണങ്ങളുടെ മറുപടി പരിഗണിച്ച് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ.ജി.ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റു നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം |
|---|---|
| 22.07.2017മുതൽ 31.17.2017 വരെ | ശ്രീ. രഞ്ജീവ്.വി.കെ (ഓഡിറ്റ് ഓഫീസർ) |
| | ശ്രീമതി.രാജി.എസ്. (സീനിയർ ഗ്രേഡ് ഓഡിറ്റർ) |
| | ശ്രീമതി.ഷീബ.എം (സീനിയർ ഗ്രേഡ് ഓഡിറ്റർ) |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ആർ.സുരേഷ് കുമാർ | *01.04.2016മുതൽ 31.03.2017 വരെ* |
| വൈസ് പ്രസിഡന്റ് | ശ്രീമതി. സിന്ധു മോഹനൻ | *01.04.2016മുതൽ 31.03.2017 വരെ* |

സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷർ

| | | |
|---|---|---|
| ശ്രീ.രഞ്ജിത്ത്.സി.ആർ | ധനകാര്യം | 01.04.2016–31.03.2017 |
| ശ്രീ.ഡി.സുഗേഷ് | ആരോഗ്യ വിദ്യാഭ്യാസം | 01.04.2016–31.03.2017 |
| ശ്രീമതി. തങ്കമ്മാൾ | ക്ഷേമകാര്യം | 01.04.2016-31.03.17 |

സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | കാലയളവ് |
|---|---|---|
| ശ്രീ. പി.എ.ഗീവർഗ്ഗീസ് | സെക്രട്ടറി | *01.04.2016മുതൽ 31.03.2017 വരെ* |
| ശ്രീ.ബാബുക്കുട്ടൻ നായർ.എസ് | അസിസ്റ്റന്റ് സെക്രട്ടറി | *01.04.2016മുതൽ 31.03.2017 വരെ* |
| ശ്രീമതി. ബെറ്റി വർഗ്ഗീസ് | കൃഷി ഓഫീസർ | *01.04.2016മുതൽ 31.03.2017 വരെ* |
| ശ്രീ.തോമസ് ജോൺ | വി.ഇ.ഒ | *01.04.2016മുതൽ 09.09.2016 വരെ* |
| ശ്രീ.സജിത്.റ്റി.വി. | വി.ഇ.ഒ. | *10.09.2016മുതൽ 06.02.2017 വരെ* |
| ശ്രീ.വിനോദ് കുമാർ.ആർ | വി.ഇ.ഒ. | *07.02.2017മുതൽ 21.03.2017 വരെ* |
| ശ്രീ.തോമസ് ജോൺ | വി.ഇ.ഒ. | *22.03.2017മുതൽ 31.03.2017 വരെ* |
| ശ്രീ. രാജൻ.സി | അസിസ്റ്റന്റ് എഞ്ചിനീയർ | *01.04.2016മുതൽ 31.03.2017 വരെ* |
| ഡോ.അരുണാ രാജ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | *01.04.2016മുതൽ 31.03.2017 വരെ* |
| ശ്രീമതി. ജ്യോതി ലക്ഷ്മി | ഹെഡ്മിസ്ട്രസ്, ഗവ. യു.പി.എസ് | *01.04.2016മുതൽ 31.03.2017 വരെ* |
| ശ്രീമതി. ശ്രീല.ബി.എസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | *01.04.2016മുതൽ 31.03.2017 വരെ* |
| ഡോ.ശ്രീനി.ആർ | മെഡിക്കൽ | *01.04.2016മുതൽ* |

| | | |
|---|---|---|
| | ഓഫീസർ, ആയുർവേദം | *31.03.2017 വരെ* |
| ഡോ.സൈറ ബാനു | വെറ്ററിനറി സർജൻ | *01.04.2016മുതൽ 22.09.2016 വരെ* |
| ഡോ.ഷൈജ്ജ ജോസഫ് | വെറ്ററിനറി സർജൻ | *23.09.2016മുതൽ 31.03.2017വരെ* |
| ഡോ.റ്റി.ജി.സിജി | ഹോമിയോ മെഡിക്കൽ ഓഫീസർ | *01.04.2016മുതൽ 31.03.2017 വരെ* |
| ശ്രീമതി.അശ്വതി.വി.ആർ | ഡയറി ഫാം ഇൻസ്റ്റക്ടർ | *01.04.2016മുതൽ 31.03.2017 വരെ* |

ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നം. | ഭാഗം 1 |
|---|---|---|
| 1 | 1-1മുതൽ 1-11വരെ | പൊതു അവലോകനം |
| ഭാഗം 2 | | |
| 2 | 2-1 | ജനറൽ പർപ്പസ് ഗ്രാന്റ് തുക ട്രഷറിയിൽ ക്രെഡിറ്റ് ചെയ്തിട്ടില്ല |
| 3 | 2-2 | തനത് വരുമാനം ആർജ്ജിക്കൽ പഞ്ചായത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ല |
| 4 | 2-3 | ഇ ടെണ്ടർ ഫാറവിലയുടെ കണക്കില്ല; പഞ്ചായത്ത് ഫണ്ടിലേക്ക് ഈടാക്കിയില്ല |
| ഭാഗം 3 | | |
| 5 | 3-1 | വെള്ളക്കരം:കണക്കില്ല; ചെലവ് 26 ലക്ഷം |
| 6 | 3-2 | സേവനമില്ല;ജനറേറ്റർ പ്രദർശനവസ്തുവാക്കി |
| 7 | 3-3 | കുടുംബശ്രീ റിവോൾവിംഗ് ഫണ്ട് -പദ്ധതി ലക്ഷ്യം കൈവരിച്ചില്ല |
| 8 | 3-4 | ഹരിതാഭം ജൈവ പച്ചക്കറി കൃഷി - ഗുണഭോക്തൃ ഗ്രൂപ്പുകളെ ഗ്രാമസഭ അംഗീകരിച്ചിട്ടില്ല. |
| 9 | 3-5 | തനത് ഫണ്ട് ചെലവിൽ മിതത്വമില്ല; സർക്കാർ ധനവിനിയോഗ നിയമങ്ങൾ പാലിക്കുന്നില്ല |
| 10 | 3-6 | മാവേലി സ്റ്റോറിന് അടിസ്ഥാന സൗകര്യം:1ലക്ഷം രൂപ പാഴായി |
| 11 | 3-7 | കെട്ടിട ഉടമയല്ലാത്തയാൾക്ക് വസ്തുനികുതി തിരികെ നല്കി |

| | | |
|---|---|---|
| 12 | 3-8 | 13.5ലക്ഷത്തിന്റെ കുടിവെള്ളപദ്ധതികൾ നിക്ഷേപമായി തുടരുന്നു |
| 13 | 3-9 | അതിർത്തികളിൽ ബോർഡ്:നിയമങ്ങൾ പാലിക്കാതെ ചെലവ് |
| 14 | 3-10 | തുറക്കാത്ത പകൽവീടിനായി ഫർണ്ണീച്ചർ, ടി.വി, പ്രവർത്തന സജ്ജമാക്കാത്ത ടച്ച് സ്ക്രീൻ |
| 15 | 3-11 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ-മരുന്ന് ലഭ്യമായിട്ടില്ല |
| 16 | 3-12 | ആയുർവ്വേദ ആശുപത്രിക്ക് മരുന്നുവാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭിച്ചില്ല |
| 17 | 3-13 | പാലിയേറ്റീവ് കെയർ പദ്ധതി - മരുന്ന്/ഉപകരണങ്ങൾ എന്നിവ ലഭിച്ചില്ല |
| 18 | 3-14 | പാലിയേറ്റീവ് കെയർ- പി.എം.സി കൂടുന്നില്ല, നിർവ്വഹണക്കമ്മിറ്റി രൂപീകരിച്ചിട്ടില്ല |
| 19 | 3-15 | ഓടശുചീകരണം:പണമാക്കിയ സർക്കാർ ഗ്രാന്റ് തനത്ഫണ്ടിൽ ഒടുക്കിയില്ല |
| 20 | 3-16 | മരാമത്ത് പണി ചെയ്യാത്ത കരാറുകാരന് 2.24ലക്ഷം പഞ്ചായത്ത് ഫണ്ട് |
| 21 | 3-17 | റോഡ് റീടാറിംഗ് : ബിറ്റുമിൻ ഡ്രമ്മിന്റെ വില ഈടാക്കിയില്ല |
| 22 | 3-18 | ഗുണഭോക്തൃ സമിതി വേലകളിൽ നിയമവിരുദ്ധ ചെലവ് |
| 23 | 3-19 | സേവന നികുതി കരാറുകാർക്ക് തിരികെ നല്കി |
| 24 | 3-20 | വേപ്പ് ഗ്രാമം പദ്ധതി-മാർഗ്ഗരേഖക്ക് വിരുദ്ധമായി സബ്സിഡി അനുവദിച്ചു |
| 25 | 3-21 | ഇ.എം.എസ് ഭവനപദ്ധതി:- |
| 26 | 3-22 | സാനിട്ടറി യൂണിറ്റ് നിർമ്മാണം- സ്വച്ഛ്ഭാരത് മിഷൻ ഫണ്ട് പൂർണ്ണമായും ലഭിച്ചില്ല |
| 27 | 3-23 | ഗുണഭോക്തൃവിഹിതം പിരിക്കുന്നതിന് രസീത് ബുക്ക് ഉപയോഗിച്ചില്ല |
| ഭാഗം 4 | | |
| 28 | 4-1 മുതൽ 4-10വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 29 | അനുബന്ധം | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 22.03.2017-ലെ I-ാം നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 192128487 (മുന്നിരിപ്പ് 7683490 ഉൾപ്പെടെ) | 153232450 |
| വാർഷിക കണക്ക് പ്രകാരം | 46329542 | 43171819 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾക്ക് യഥാർത്ഥ വരവ് ചെലവുകളുമായി യാതൊരു പൊരുത്തമില്ല. മുൻ വർഷ വരവ് ചെലവ് കണക്കുകളെയും സ്ഥിതി വിവരകണക്കുകളെയും അടിസ്ഥാനമാക്കി യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 07.06.2017 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ്നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

1-4 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | :- | 7683490 |
| വരവ് | :- | 46329542 |
| ആകെ | :- | 54013032 |
| ചെലവ് | :- | 43171819 |
| നീക്കിയിരിപ്പ് | :- | 10841213 |

1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 11460392 | 9627788 | 84 |
| വികസനഫണ്ട് എസ്.സി.പി. | 1846893 | 1641007 | 89 |
| വികസനഫണ്ട് ടി.എസ്.പി. | 372027 | 231635 | 62 |
| സംരക്ഷണഗ്രാന്റ് റോഡ് | 3745137 | 396619 | 11 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 3066807 | 2638596 | 86 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 6426869 | 5073965 | 79 |
| പെർഫോമൻസ് ഗ്രാന്റ് | 3372916 | 2370565 | 70 |
| എം.എൻ.ആർ. ഇ. ജി.എസ്. | 85521727 (297മുന്നിരിപ്പ് ഉൾപ്പെടെ) | 85444096 | 77928 (നീക്കിയിരുപ്പ്) |
| ബി ഫണ്ട് | 29806230 | 29806230 | 100 |

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 124 | 39054798 | 92 | 27129325 | 32 | - | 74 |

1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനത് വരുമാനത്തിൽ 19 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3573384 | 4054986 | (+)481602 | 13% |
| നികുതിയേതര വരവുകൾ | 291811 | 586035 | (+)294224 | (+)101% |
| മറ്റുവരവുകൾ | 79711 | 25974 | (-)53737 | (-)67.41% |
| ആകെ | 3944906 | 4693259 | (+)748353 | 19% |

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 519360 | 406 |
| കർഷകതൊഴിലാളി പെൻഷൻ | 6655440 | 717 |
| വിധവാപെൻഷൻ | 8400620 | 884 |
| വാർദ്ധക്യകാലപെൻഷൻ | 10679520 | 914 |
| വികലാംഗപെൻഷൻ | 2365610 | 291 |
| അവിവാഹിത പെൻഷൻ | 915680 | 78 |
| വിവാഹധനസഹായം. | 270000 | 9 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.07.17 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2489/-രൂപ

ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം

തനത്ഫണ്ട് വൌച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല.

ഫ്രണ്ട് ഓഫിസ് സംവിധാനം സൂചിക സോഫ്റ്റ് വെയറിൽ കൃത്യമായി ചെയ്ത് പോരുന്നു.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.06.2017 | 05/17 | 30.06.2017. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.08.2014 | 2007-08മുതൽ 2013-14 വരെ | 31.07.2015. |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ജനറൽ പർപ്പസ് ഗ്രാന്റ് തുക ട്രഷറിയിൽ ക്രെഡിറ്റ് ചെയ്തിട്ടില്ല

ജനറൽപർപ്പസ് ഗ്രാന്റിൽ നിന്നുള്ള മൂന്ന് അലോട്ട്മെന്റുകൾ (1748595/- രൂപ )ട്രഷറിയിൽ ക്രെഡിറ്റ് ആയിട്ടില്ല. എന്നാൽ ഇതുൾപ്പെടെയുള്ള തുകയാണ് RP-31 പ്രകാരം വാർഷിക കണക്കിൽ വരവ് (6994380/-)എടുത്തത്. ട്രഷറി അക്കൌണ്ടിൽ ക്രെഡിറ്റ് ആകാത്ത തുക വാർഷിക കണക്കിൽ റ്റി.എസ്.ബി. അക്കൗണ്ടിലെ വരവ്-ചെലവുകളിൽ ഉൾപ്പെടുത്തിയതിനാൽ ഈ അക്കൗണ്ടിലെ നീക്കിയിരിപ്പുതുക പാസ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.7/26.7.17ന് ഹാജരാക്കിയ മറുപടിയിൽ മൂന്ന് അലോട്ട്മെന്റുകൾ പ്രകാരമുള്ള തുക പിൻവലിക്കുന്നതായി ബിൽബുക്കിൽ പാസാക്കിയത് കാരണമാണ് സാംഖ്യ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയത് എന്നും സാങ്കേതിക തകരാർ കാരണമാണ് തുക ട്രഷറി അക്കൌണ്ടിൽ വരവ് വരാതിരുന്നത് എന്നും ആയത് പരിഹരിക്കുന്നതാണെന്ന് ട്രഷറിയിൽ നിന്നും അറിയിച്ചിട്ടുണ്ട് എന്നുമാണ് വ്യക്തമാക്കിയിട്ടുള്ളത്. ട്രഷറിയിൽ വരവ് വെച്ചിട്ടില്ലാത്ത തുക ക്രെഡിറ്റ് ചെയ്ത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 2-2 തനത് വരുമാനം ആർജ്ജിക്കൽ പഞ്ചായത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ല

1. ലൈസൻസ് എടുക്കാതെയും തൊഴിൽ നികുതി ഒടുക്കാതെയും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു - ഗ്രാമപഞ്ചായത്തിനു വരുമാന നഷ്ടം

ഗ്രാമ പഞ്ചായത്തിന്റെ തനതു വരുമാന മാർഗ്ഗങ്ങളിൽ പ്രധാനപ്പെട്ടവയാണ് തൊഴിൽ നികുതിയും ലൈസൻസ് ഫീയും. എന്നാൽ ഓഡിറ്റു വർഷം വ്യാപാര സ്ഥാപനങ്ങളുടെ തൊഴിൽ നികുതിയും ലൈസൻസ് ഫീയും പിരിച്ചെടുക്കുന്നതിൽ കാര്യമായ വീഴ്ച സംഭവിച്ചിട്ടുള്ളതായി കാണുന്നു. ഇതു മൂലം ഗ്രാമ പഞ്ചായത്തിന് കാര്യമായ വരുമാന നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ.

എ) നികുതി/ഫീ ഒടുക്കുവാൻ ബാദ്ധ്യതയുള്ള സ്ഥാപനങ്ങളെ കണ്ടെത്തുന്നതിൽ വീഴ്ച

2016-17 ൽ ഗ്രാമ പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന 8307 കെട്ടിടങ്ങളിൽ 975 എണ്ണം വ്യാപാര ആവശ്യങ്ങൾക്കു വേണ്ടി നിർമ്മിക്കപ്പെട്ടവയാണെന്ന് (കൊമേഴ്സ്യൽ) വസ്തു നികുതി രജിസ്റ്റർ അടിസ്ഥാനമാക്കി ഓഡിറ്റിൽ സമർപ്പിച്ച കണക്കുകൾ വ്യക്തമാക്കുന്നു. സ്ഥാപനം ഹാജരാക്കിയ ട്രേഡേഴ്സ് ലിസ്റ്റിൽ കേവലം 226 വ്യപാര സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ.

ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ടതും പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്നതുമായ പല സ്ഥാപനങ്ങളും ഡി.ആന്റ്.ഒ ലൈസൻസ് എടുത്തതായി രേഖകളില്ല. ഉദാഹരണമായി സ്ഥാപനത്തിന്റെ പരിധിയിൽ നിരവധി കുടുംബശ്രീ യൂണിറ്റുകൾ, കമ്പ്യൂട്ടർ സെന്ററുകൾ എന്നിവ പ്രവർത്തിക്കുന്നുവെങ്കിലും ഈ സ്ഥാപനങ്ങൾ ഡി.ആന്റ്.ഒ ലൈസൻസ് എടുത്തിട്ടില്ല. ഇതിൽ നിന്നും 2016-17 ൽ ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതിയും ലൈസൻസ് ഫീയും ഒടുക്കുവാൻ ബാദ്ധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ശേഖരിക്കുന്നതിൽ വീഴ്ചയുണ്ടായി എന്നു വ്യക്തം.

ബി. വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ ഈടാക്കുന്നില്ല

1996ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 11 പ്രകാരം ഓരോ സ്ഥാപനത്തിന്റെയും ലൈസൻസ് ഫീ നിശ്ചയിക്കുന്നത് അവയുടെ ദിവസേനയുള്ള ശരാശരി വിറ്റു വരവിന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ പല സ്ഥാപനങ്ങളിൽ നിന്നും ഇതനുസരിച്ചുള്ള നിരക്കിലല്ല ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ളത്. ഉദാഹരണമായി, ഗ്രാമപഞ്ചായത്തിൽ താഴെപ്പറയുന്ന രണ്ട് ഹോസ്പിറ്റലുകൾ പ്രവർത്തിക്കുന്നുണ്ട്. ആലപ്പുഴ ജില്ലയിലെ തന്നെ പ്രധാന ഹോസ്പിറ്റലുകളിൽപെട്ടവയാണിവ. ഇവയുടെ വാർഷികകണക്കുകൾ ചാർട്ടേഡ് അക്കൗണ്ടന്റ് ഓഡിറ്റു ചെയ്യുന്നവയാണ്. ഈ വാർഷിക കണക്ക് പരിശോധിച്ച് നിയമാനുസൃതമായി പരമാവധി ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്.

1. ഹ്ദാട്രസ്റ്റ് ഹോസ്പിറ്റൽ

ഈടാക്കിയ ലൈസൻസ് ഫീ - രൂ.2000/-

2.ദീപാ ഹോസ്പിറ്റൽ

ഈടാക്കിയ ലൈസൻസ് ഫീ - രൂ.1000/-

3.ടി.വി.സുന്ധരം (വാഹനങ്ങളുടെ വിൽപ്പനയും സർവ്വീസിംഗും)

ഈടാക്കിയ ലൈസൻസ് ഫീ - രൂ.400/-

ഗ്രാമ പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കു വേണ്ടി നിർമ്മിക്കപ്പെട്ട എല്ലാ കെട്ടിടങ്ങളുടെയും പ്രവർത്തനം പരിശോധിച്ച് അവയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശം രേഖപ്പെടുത്തി ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കേണ്ടതും അർഹതയുള്ളവയ്ക്ക് ലൈസൻസ് അനുവദിച്ച് ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ (കുടിശ്ശിക, പിഴ എന്നിവ സഹിതം) ഈടാക്കേണ്ടതും വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. വിഷയത്തിൽ ഗ്രാമപഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

2. തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച്

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ ഒരു അർദ്ധവർഷം അറുപത് ദിവസത്തിൽ കുറയാതെ ജോലി ചെയ്തിട്ടുള്ളവരിൽ നിന്നും നികുതി ഈടാക്കേണ്ടതാണ്. എന്നാൽ 2016-17 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകളുടെ പരിശോധനയിൽ ഗ്രാമ പഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

I. കൊശമറ്റം ഫിനാൻസ്, സ്റ്റഡൻസ് കോളേജ്, വിക്ടോറിയ ട്യൂട്ടോറിയൽ കോളേജ്, സി.വി.എസ് നമ്പർ 316, മീഡിയ ഇന്റർനാഷണൽ ട്രാവൽ, സി.വി.എസ്.

II. താഴെ പറയുന്ന ജീവനക്കാരിൽ നിന്നും ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും രണ്ടാം അർദ്ധവർഷത്തെ നികുതി ഈടാക്കിയതായി രേഖയില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരന്റെ പേര് | ഒന്നാം അർദ്ധവർഷം ഈടാക്കിയ തൊഴിൽ നികുതി (രൂപയിൽ) |
|---|---|---|---|
| 1 | അഥീന എക്സ്പോർട്ടേഴ്സ് | സ്മൃതി.എസ്<br>മണിയൻ<br>ജയരാമൻ<br>രാജീവ് | 600<br>180<br>450<br>180 |
| 2 | അഗ്നിരക്ഷാനിലയം, ഹരിപ്പാട് | അനീഷ്.പി.എ<br>ഷാബുജോർജ്ജ്<br>കെ.എം.മുഹമ്മദ്<br>സിബീഷ്<br>ഷാജു.വി. | 1250<br>1250<br>1250<br>1250<br>1250 |

ഇപ്രകാരം ഈടാക്കാതെ പോയ നികുതി പിഴ സഹിതം ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

3. <u>മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല</u>

ഗ്രാമ പഞ്ചായത്ത് പരിധിയൽ 6 മൊബൈൽ ടവറുകൾ പ്രവർത്തനക്ഷമമാണെങ്കിലും അവയുടെ വസ്തു നികുതി ഈടാക്കുന്നില്ല. മൊബൈൽ ടവറുകളുടെ വസ്തു നികുതിയായി 500 രൂപയാണ് ഗ്രാമ പഞ്ചായത്ത് അംഗീകരിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ മൊബൈൽ ടവറുകളുടെയും വസ്തു നികുതി ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. <u>വിമുക്തഭടൻമാരുടെ വസ്തുനികുതി ഒഴിവാക്കൽ-നടപടിക്രമങ്ങൾ സുതാര്യമല്ല</u>

ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 09.05.16 ലെ ii-ാം നമ്പർ തീരുമാന പ്രകാരം വിമുക്തഭടൻമാരുടെ 207 അപേക്ഷകൾ പരിഗണിച്ച് 2016-17ൽ വസ്തുനികുതി ഒഴിവാക്കിയിട്ടുണ്ട്. ജി.ഒ (എംഎസ്) 242/13 ത.സ്വ.ഭ.വ 02.07.13 ഉത്തരവ് പ്രകാരം നികുതി 2000 ചതുരശ്ര അടിയ്ക്കു താഴെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് മാത്രമാണ് നികുതി ഇളവിന് അർഹതയുള്ളൂ വസ്തുനികുതി ഒഴിവാക്കുന്നതിനായി 10.4.2014 നകം അപേക്ഷകൾ പരിശോധിച്ചതിൽ 2000 ചതുരശ്ര അടിയ്ക്കു മുകളിൽ വിസ്തീർണ്ണമുള്ള 11 കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകിയിട്ടുണ്ട്.നികുതി ഒഴിവാക്കുന്നതിൽ 02.07.13 ലെ മേൽ ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിയ്ക്കാത്തതിനാൽ, ഈ അപേക്ഷകരുടെ അർഹത പുനപരിശോധിയ്ക്കേണ്ടതും അനർഹരായ വ്യക്തികൾക്ക് നികുതി ഇളവിന്റെ ആനുകൂല്യം ലഭിച്ചിട്ടുള്ളത് കുടിശ്ശിക സഹിതം നികുതി പുനർ നിർണ്ണയിച്ച് ഈടാക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

5. <u>ഫിറ്റ്നെസ് സർട്ടിഫിക്കറ്റില്ലാതെ അൺഎയ്ഡഡ് സ്കൂൾ പ്രവർത്തിക്കുന്നു</u>

പൊതു വിദ്യാഭ്യാസ വകുപ്പ് ഉത്തരവ് നം. ജി.ഒ (ആർ.റ്റി) 2427/2007, പൊ.വി. 1.08.2007 പ്രകാരം, തദ്ദേശ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന അൺ-എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നല്കുന്നതിന് എൽ.എസ്.ജി.ഡി എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജി.ഒ (പി) 84197/പി.ഡബ്ളിയു & റ്റി, 19.08.1997 അനുസരിച്ച് അൺ-എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നെസ് ഫീ പ്രതിവർഷം 1000/-രൂപയാണ്. കുമാരപുരം ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന ഹുദാടസ്റ്റ് ഇംഗ്ലീഷ് മീഡിയം സ്കൂളിന് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. ടി സ്കൂളിന് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. തനത് ഫണ്ട് അക്കൌണ്ടിന് പലിശ ലഭിക്കാത്തതു മൂലം വരുമാനനഷ്ടം

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൌണ്ട് സൂക്ഷിച്ചിരിക്കുന്നത് ജില്ലാസഹകരണ ബാങ്കിന്റെ ഹരിപ്പാട് ശാഖയിലെ 00154-ാം നമ്പർ കറന്റ് അക്കൌണ്ടിലാണ്. സ്ഥാപനത്തിന്റെ തനത് വരുമാനത്തിന്റെ ഭൂരിഭാഗവും നിക്ഷേപിക്കുന്നത് ടി അക്കൌണ്ടിലായതിനാലും ശരാശരി 4 ലക്ഷം രൂപയുടെ നിക്ഷേപം ഓരോ മാസവും നിലനിൽക്കുന്നതിനാലും സ്ഥാപനത്തിന് നല്ലൊരു തുക പലിശയിനത്തിൽ വരുമാന നഷ്ടമാകുന്നുണ്ട്. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.10 തീയതി,26.07.2017 ന് മറുപടി നൽകിയില്ല. 2016-17 വർഷം ലഭിക്കേണ്ടിയിരുന്ന പലിശ അക്കൗണ്ടിൽ ചേർത്ത് പാസ്സ് ബുക്കിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

7. പരസ്യനികുതി പിരിയ്ക്കുന്നില്ല – വരുമാന നഷ്ടം

ഗ്രാമ പഞ്ചായത്ത് പരിധിയിൽ ധാരാളം പരസ്യബോർഡുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ടെങ്കിലും 2016-17 വർഷം പരസ്യനികുതി ഇനത്തിൽ വരവില്ല. ഗ്രാമ പഞ്ചായത്തിൽ നാളിതുവരെ പരസ്യനികുതി സംബന്ധിച്ച് ബൈലോ തയ്യാറാക്കുകയോ പരസ്യനികുതി പിരിക്കുകയോ ചെയ്യാത്തതിനാൽ തുടർച്ചയായി വരുമാന നഷ്ടമുണ്ടാകുന്നു. ജി.ഒ(പി)128/2002 എൽ.എസ്.ജി.ഡി. തീ.25/07/2002 പ്രകാരം എല്ലാ പഞ്ചായത്തുകളും പരസ്യനികുതി ഈടാക്കണമെന്ന് നിർദ്ദേശിക്കുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10) ന് മറുപടി നൽകിയില്ല. പരസ്യനികുതി പിരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-3 ഇ ടെണ്ടർ ഫാറവിലയുടെ കണക്കില്ല; പഞ്ചായത്ത് ഫണ്ടിലേക്ക് ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ തനത് വരവായ ഈ ടെണ്ടർ ഫാറ വിലയുടെ കണക്ക് പഞ്ചായത്തിലില്ല.

ഗ്രാമപഞ്ചായത്തിന്റെ ഇടെണ്ടർ ചെയ്ത മരാമത്ത് പദ്ധതികളുടെ ഫാറ വില. ഫാറ വില എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്. ടെണ്ടർ നടപടികളും പദ്ധതി നിർവഹണവും പൂർത്തിയായി മാസങ്ങൾ കഴിഞ്ഞിട്ടും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ കിടക്കുന്ന ഗ്രാമപഞ്ചായത്തിന്റെ വരവ് തിരികെ ഈടാക്കാത്തത് ഭരണവീഴ്ചയാണ്. ഇതുമൂലം പലിശയിനത്തിൽ നഷ്ടവും സംഭവിക്കുന്നു.

ഇ ടെണ്ടർ ഫാറവിലയുടെ കണക്ക് അസിസ്റ്റന്റ് എഞ്ചിനിയർ സൂക്ഷിക്കുന്നില്ല. കണക്ക് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണ(03/24.7.17)ത്തിന് മറുപടി ലഭിച്ചില്ല. ഗ്രാമപഞ്ചായത്തിനും ഇതേകുറിച്ച് അറിവില്ല. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയും വിഷയം പരിഗണിച്ചിട്ടില്ല.

2016-17ൽ നടപ്പാക്കിയ മരാമത്ത് പദ്ധതികളിൽ ഒന്നൊഴികെ എല്ലാം 5 ലക്ഷത്തിൽ താഴെയായിരുന്നതിനാൽ പേപ്പർ ടെണ്ടറായിരുന്നു. ഇ ടെണ്ടർ ചെയ്ത 11ലക്ഷം രൂപ അടങ്കലുള്ള ആനകേറി പറമ്പ് പാലം നിർമാണത്തിന് രണ്ട് ടെണ്ടറുകളാണ് ലഭിച്ചത്. ഇതിന്റെ ടെണ്ടർ ഫാറവില 5260 രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് ഈടാക്കിയിട്ടില്ല. ഈ തുക ഈടാക്കി ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്. കണക്കുകൾ ശരിയാക്കി മുൻ വർഷത്തെ ഫാറവിലയും തിരികെ ഈടാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വെള്ളക്കരം:കണക്കില്ല; ചെലവ് 26 ലക്ഷം

വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തി കുടിവെള്ളം ലഭിക്കുന്ന പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്താതെ ഗ്രാമപഞ്ചായത്ത് ലക്ഷങ്ങൾ വെള്ളക്കരത്തിന് ചെലവഴിക്കുന്നതുമൂലം വൻതുക പാഴാക്കുന്നു.

പൊതു ടാപ്പുകളുടെ വെള്ളക്കരത്തിന് 2016-17ൽ 25.73ലക്ഷം രൂപയാണ് പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചത്. ചെലവിന്റെ കൃത്യത വിലയിരുത്താൻ താഴെ പറയുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല (ഓഡിറ്റ് അന്വേഷണം 2, തീയതി,23.07.17).

1. പൊതുടാപ്പുകളുടെ വാർഡ് തിരിച്ച് എണ്ണം വിശദമാക്കുന്ന രജിസ്റ്റർ.
2. വാട്ടർ അതോറിറ്റിയുമായി ചേർന്ന് ഗ്രാമപഞ്ചായത്ത് നടത്തിയ സംയുക്തപരിശോധനയുടെ ഏറ്റവും പുതിയ റിപ്പോർട്ട്.
3. പൊതുടാപ്പുകളിലൂടെയുള്ള കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട പരാതിപരിഹാര രേഖകൾ.
4. വെള്ളക്കരം അടവിന്റെ കണക്കുകൾ, രജിസ്റ്റർ, ഫയൽ.

തൻവർഷം സംയുക്തപരിശോധന നടത്തിയിട്ടില്ല. ഏറ്റവും ഒടുവിലത്തെ പരിശോധനാറിപ്പോർട്ടും ഹാജരാക്കാൻ കഴിഞ്ഞില്ല. അതിനാൽ സംയുക്തപരിശോധന നടത്തിയിട്ടില്ലെന്ന് വ്യക്തമാണ്.

വെള്ളക്കരത്തിന് ലക്ഷങ്ങൾ ചെലവഴിക്കുന്നതിന് പുറമെ ഗാർഹിക കുടിവെള്ള കണക്ഷൻ നല്കുന്നതിനും ഗ്രാമപഞ്ചായത്ത് വികസനഫണ്ടും ചെലവഴിക്കുണ്ട്. 16-17ലെ ഈയിനത്തിലെ ചെലവ് 144000രൂപയാണ്. ഗാർഹിക കണക്ഷന് വർഷങ്ങളായി പദ്ധതികൾ നടപ്പാക്കിയിട്ടും വെള്ളക്കരത്തിൽ കുറവുണ്ടാകാത്തത് പരിശോധിക്കപ്പെടേണ്ടതാണ്.

വാട്ടർ അതോറിറ്റി നിരക്ക് അനുസരിച്ച് 490ടാപ്പുകളുടെ കരമാണ് പഞ്ചായത്ത് ഒടുക്കുന്നത്. കണക്കില്ലാത്തതിനാൽ ഇത്രയും ടാപ്പുകൾ വഴി കുടിവെള്ള വിതരണം നടത്തുന്നുണ്ടെന്ന്

ഗ്രാമപഞ്ചായത്തിന് വ്യക്തതയില്ല. ഇതിൽ 10% (49എണ്ണം) ടാപ്പുകൾ സജീവമല്ലെങ്കിൽ പോലും 257250/-രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നും പ്രതിവർഷം അധികച്ചെലവുണ്ടാകുന്നുണ്ട്.

വെള്ളക്കരം ഒടുക്കുന്നതിന് റോഡിതര സംരക്ഷണഗ്രാന്റ് ലക്ഷങ്ങൾ വകമാറ്റുന്നതായി കാണുന്നു. 2016-17ലെ വാർഷിക കണക്ക് അനുസരിച്ച് തനത് ഫണ്ടിന്റെ നീക്കിയിരിപ്പ് 19.1ലക്ഷം രൂപയാണ്. തനത് ഫണ്ട് ലക്ഷങ്ങൾ നീക്കിയിരിപ്പുള്ളപ്പോൾ സംരക്ഷണഗ്രാന്റ് വെള്ളക്കരത്തിന് വകമാറ്റുന്നത് വിട്ടുകിട്ടിയ ആസ്തികളുടെ പരിപാലനം തടയുന്നതാണ്.

വ്യാപകമായ പൊതുടാപ്പുകളുടെ ശൃംഖലയുള്ളപ്പോൾ കുടിവെള്ള പദ്ധതികൾക്ക് ഭൂജലവകുപ്പ്, വാട്ടർ അതോറിറ്റിയിൽ 16-17ൽ ലോകബാങ്ക് സഹായം 1128794 നിക്ഷേപിച്ചത് (ഖണ്ഡിക കാണുക) തന്നെ പൊതുടാപ്പുകളിലൂടെയുള്ള കുടിവെള്ള വിതരണം കാര്യക്ഷമമല്ലെന്നതിന് തെളിവാണ്.

ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണ(02/23.07.17)ത്തിന് ഗാർഹിക കണക്ഷനുകൾ നല്കി പൊതുടാപ്പുകളുടെ എണ്ണം കുറയ്ക്കുന്നത് പരിഗണിക്കുമെന്ന് പഞ്ചായത്ത് മറുപടി നല്കി.

ഗ്രാമപഞ്ചായത്തിന്റെ വെള്ളക്കര ബാധ്യത കുറയ്ക്കാൻ ഫലപ്രദമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടേയും ഭരണവകുപ്പിന്റേയും ശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 സേവനമില്ല;ജനറേറ്റർ പ്രദർശനവസ്തുവാക്കി

വൈദ്യുതിതടസം തുടർച്ചയായി അനുഭവപ്പെടുന്ന ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് വാങ്ങിയ 15kvജനറേറ്റർ ഉപയോഗക്ഷമമാക്കിയിട്ടില്ല.

പഞ്ചായത്തിനു ലഭിച്ച പെർഫോമൻസ് ഗ്രാന്റ് ചെലവഴിച്ച് വാങ്ങിയ ജനറേറ്ററാണ് ഉപയോഗക്ഷമമാക്കാതെ ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട് ഓഫീസിന് മുന്നിലെ കാത്തിരിപ്പ് സ്ഥലത്ത് അവശേഷിപ്പിച്ചിരിക്കുന്നത്.

സെക്രട്ടറി നടപ്പാക്കിയ പ്രോജക്ട് 142/17(അടങ്കൽ 500000രൂപ- ലോകബാങ്ക് സഹായം-153954രൂപ,തനത് ഫണ്ട്-34606രൂപ)ലാണ് ജനറേറ്റർ വാങ്ങിയത്. ലോകബാങ്ക് സഹായം153954 മാത്രമാണ് ഓഡിറ്റ് വർഷം ചെലവ്(വൗച്ചർ-21601445/31.3.17.ബിൽ 77/31.3.17). തുക ബിഎച്ച്ഇഎല്ലിന്റെ അക്കൗണ്ടിലേക്ക് മാറ്റിയതായി ഫയലിൽ കാണുന്നു. ബിഎച്ച്ഇഎൽ രസീത് നല്കിയിട്ടില്ല.

ബിഎച്ച്ഇഎൽ കാസർഗോഡ് യൂണിറ്റാണ് പദ്ധതിയുടെ നിർവഹണ ഏജൻസി.ഇവരുടെ എസ്റ്റിമേറ്റ് ജനറേറ്റർ വിലയും സ്ഥാപനചെലവും ഉൾപ്പെടെ 5.26ലക്ഷം രൂപയായിരുന്നു.

15KVജനറേറ്ററിന്റെ ആവശ്യകത എങ്ങനെ നിർണയിച്ചു എന്നതിന് തെളിവില്ല. ബിഎച്ച്ഇഎല്ലിന്റെ എസ്റ്റിമേറ്റ് മാത്രം അടിസ്ഥാനമാക്കിയാണ് പ്രോജക്ട് ആവിഷ്കരിച്ചത്. സപ്ലൈയറുടെ താല്പര്യത്തിന് പഞ്ചായത്ത് ഫണ്ട് ചെലവഴിക്കുന്നത് പൊതുപണം പാഴാക്കുന്നതിന് സമമാണ്.

ഒച്ചയില്ലാ ഡീസൽ ജനറേറ്ററാണ് വാങ്ങിയത്. പരിസ്ഥിതി മലിനീകരണം ഉണ്ടാക്കുന്ന ഡീസൽ ജനറേറ്ററിന് പകരം പഞ്ചായത്ത് സൗരവൈദ്യുതി ജനറേറ്റർ സ്ഥാപിച്ചിരുന്നെങ്കിൽ അത് പരിസ്ഥിതി സൗഹൃദപരമായേനെ. ഡീസലിന്റെ ആവർത്തന ചെലവ് ബാധ്യതയും ഒഴിവാക്കാമായിരുന്നു. പരിസ്ഥിതി സംരക്ഷണം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപെടുന്നതിനാൽ കാർബൺ വികിരണം വർദ്ധിപ്പിക്കുന്ന പദ്ധതി പുനപരിശോധിക്കേണ്ടതാണ്. പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ഗ്രീൻ പ്രോട്ടോകോൾ ബാധകമാക്കാൻ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

പദ്ധതി പ്രയോജനപ്രദമായിട്ടില്ലാത്തതിനാൽ ചെലവ് 153954രൂപ തടസപ്പെടുത്തുന്നു.

## 3-3 കുടുംബശ്രീ റിവോൾവിംഗ് ഫണ്ട് -പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

പ്രോജക്ട് നം.70/17

കുടുംബശ്രീ ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നതിനായി 500,000/-രൂപ 31.3.17 ൽ ബിൽ നം.12/16-17പ്രകാരം പിൻവലിച്ചു. നൂറ് ഗ്രൂപ്പുകൾക്ക് 5,000/- രൂപ വീതമാണ് അനുവദിച്ചത്. എന്നാൽ ഓഡിറ്റിന്റെ ഭാഗമായി നടത്തിയ ഭൌതിക പരിശോധനയിൽ വാർഡ് XV ലെ കീർത്തി ഗ്രൂപ്പിന്റെ അക്കൌണ്ടിൽ മാത്രമാണ് തുക (31.3.17ൽ) ക്രെഡിറ്റ് ആയിട്ടുള്ളത്. മറ്റുള്ള ഗ്രൂപ്പുകൾക്കായി പിൻവലിച്ച തുക ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് മാറ്റാതെ ബാങ്ക് അക്കൌണ്ടുകളിൽ തന്നെ നിലനിൽക്കുകയാണ്. എസ്.സി.ബി നം. 2147 ൽ 2,35,000/-, എസ്.സി.ബി നം. 1447ൽ 2,45,000/- രൂപയും ഉണ്ട്. ബാക്കിയുള്ള 15,000/-രൂപ ഏതൊക്കെ അക്കൌണ്ടിലാണ് എന്നതിന്റെ വിവരം നൽകിയില്ല.

പദ്ധതി നിർവഹണത്തിലെ അപാകതകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. ഗ്രൂപ്പുകളുടെ ഗ്രേഡിംഗ് ലിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കിയില്ല.
2. പിൻവലിച്ച് നാലുമാസം കഴിഞ്ഞിട്ടും തുക ഗ്രൂപ്പുകളുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ആകാൻ നിർവഹണ ഉദ്യോഗസ്ഥൻ നടപടി സ്വീകരിച്ചില്ല.
3. വ്യക്തമായ വായ്പ അധിഷ്ഠിതമായ ഒരു തൊഴിൽ സംരംഭക പ്രോജക്ടിന്റെ അടിസ്ഥാനത്തിലാണ് റിവോൾവിംഗ് ഫണ്ട് അനുവദിക്കാവുന്നത്. ഗ്രൂപ്പുകളിൽ പലതും തൻവർഷം പുതിയതായി തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെട്ടിട്ടില്ല. വാർഡ്-8 ലെ സൂര്യ ഗ്രൂപ്പിന്റെ പാസ്ബുക്ക് പ്രകാരം 21.4.11 ൽ തുടങ്ങിയ വായ്പയുടെ അടവ് 13.3.14ൽ അവസാനിച്ചു. പുതിയ വായ്പ അനുവദിച്ചിട്ടുമില്ല. റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നതിലെ അടിസ്ഥാന മാനദണ്ഡം പാലിക്കപ്പെട്ടിട്ടില്ല എന്നതാണ് ഇത് വ്യക്തമാക്കുന്നത്.
4. എസ്.സി.ബി നം. 2147, എസ്.സി.ബി നം. 1447 എന്നിവയിൽ അല്ലാതെ മറ്റു ബാങ്ക് അക്കൌണ്ടുകളിൽ ഉള്ള തുകയുടെ വിവരം നൽകിയിട്ടില്ല.
5. യഥാസമയം അക്കൌണ്ടിലേക്ക് തുക ക്രഡിറ്റ് ആകാത്ത സാഹചര്യത്തിൽ ഗ്രൂപ്പുകൾക്ക് അർഹമായ പലിശ ലഭിച്ചിട്ടില്ല. ബന്ധപ്പെട്ട ബാങ്കുകൾ പലിശ ക്രമീകരിച്ച് നൽകിയില്ല എങ്കിൽ പലിശ നഷ്ടം നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി ഓഡിറ്റിൽ നിർണയിക്കുന്നതാണ്.

ബാങ്ക് അക്കൌണ്ടുകളിൽ തന്നെ തുക നിലനിൽക്കുന്നതിനാലും കൂടുതൽ ഗ്രൂപ്പുകളും പുതിയ വായ്പ അധിഷ്ഠിത സംരംഭങ്ങൾ ആരംഭിക്കാത്തതിനാലും റിവോൾവിംഗ് ഫണ്ടെന്ന നിലയിൽ പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിച്ചില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ ബാങ്ക് അക്കൌണ്ടുകളിൽ നിലനിൽക്കുന്ന തുക ഗ്രൂപ്പുകളുടെ അക്കൗണ്ടിലേക്ക് മാറ്റുന്നതിനും പലിശ ക്രമീകരിക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. തുടർ വിവരങ്ങൾ ലഭ്യമാക്കും വരെ പദ്ധതിക്കായി ചെലവഴിച്ചതിൽ ബാങ്ക് അക്കൌണ്ടുകളിൽ ശേഷിക്കുന്ന 4,95,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 <u>ഹരിതാഭം ജൈവ പച്ചക്കറി കൃഷി - ഗുണഭോക്തൃ ഗ്രൂപ്പുകളെ ഗ്രാമസഭ അംഗീകരിച്ചിട്ടില്ല.</u>

പ്രോജക്ട് നം-75/17.

ബിൽ നം.5/16-17തീയതി 28.3.17- 75000/-

ബിൽ നം.6/16-17തീയതി 30.3.17- 10,000/-

ബിൽ നം.3/16-17തീയതി 23.3.17- 50,000/-

പച്ചക്കറികൃഷിക്ക് കൂലിചെലവ് അനുവദിച്ച പദ്ധതിയിൽ അൻപത്തിയാറ് ഗ്രൂപ്പുകൾക്കാണ് (കുടുംബശ്രീ,

സ്വയംസഹായ ഗ്രൂപ്പകൾ) ആനുകൂല്യം നൽകിയിട്ടുള്ളത്. പദ്ധതി നിർവഹണത്തിലെ അപാകതകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. ആനുകൂല്യത്തിനായി തെരഞ്ഞെടുത്ത ഗ്രൂപ്പുകളെ ഗ്രാമസഭയിൽ അംഗീകരിച്ചിട്ടില്ല.

ഗ്രാമസഭാലിസ്റ്റ് പ്രകാരം ആനുകൂല്യം നൽകേണ്ടതിനു പകരം കൃഷി ചെയ്ത ഗ്രൂപ്പുകളെ കണ്ടെത്തി അവർക്ക് ആനുകൂല്യം നൽകി എന്നാണ് നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചത്. ഗ്രൂപ്പ് സംരംഭങ്ങളിലെ വ്യക്തികൾ ഉൾപ്പെടെയുള്ളവരെ തെരഞ്ഞെടുക്കുന്നതിൽ ഗ്രാമസഭക്കുള്ള പങ്കാളിത്തം സംബന്ധിച്ച് പദ്ധതി മാർഗരേഖയിൽ വ്യക്തമായ നിർദ്ദേശം നിലനിൽക്കേ നിർവഹണ ഉദ്യോഗസ്ഥ സ്വന്തം നിലയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് ക്രമപ്രകാരമല്ല.

2. പച്ചക്കറികൃഷിക്ക് കൂലി ചെലവ് അനുവദിച്ച പദ്ധതിയിൽ വിത്ത്, വളം തുടങ്ങിയ ഉത്പാദനോപാദികൾ നൽകിയിട്ടില്ല. പദ്ധതിമാർഗരേഖ പ്രകാരം ഉത്പാദനോപാദികൾക്ക് പുറമേയാണ് സബ്സിഡി അനുവദിക്കാവുന്നത്. മറ്റേതെങ്കിലും സ്കീം പ്രകാരം പച്ചക്കറികൃഷിക്ക് ആനുകൂല്യം ലഭിച്ചവർക്ക് ഈ സബ്സിഡിക്ക് അർഹതയില്ല. ഉത്പാദനോപാദികൾ ഗ്രൂപ്പുകൾ സ്വന്തം നിലയിൽ വാങ്ങിയാണ് കൃഷി നടത്തിയത് എന്നാണ് അറിയിച്ചത്. ആയതിനാൽ ഈ ഗ്രൂപ്പുകൾ യഥാർത്ഥത്തിൽ ആനുകൂല്യത്തിന് അർഹരായിരുന്നു എന്നതിൽ വ്യക്തത ഉണ്ടാകുന്നില്ല.

3. ഗ്രൂപ്പുകൾ എന്തൊക്കെ കൃഷിയാണ് ചെയ്തത് എന്ന് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

   പയർ,ചീര,വെള്ളരി,വഴുതനം,വെണ്ട എന്നിവയാണ് കൃഷി ചെയ്തതെന്നുള്ളത് ഓഡിറ്റ് അന്വേഷണത്തിനുള്ള (20/29.07.17)മറുപടിയിൽ അറിയിച്ചു.

4. അപേക്ഷകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന കരം അടച്ച രസീതുകളിൽ കൂടുതലും മുൻവർഷങ്ങളിലേതാണ്.

   ഗ്രൂപ്പുകൾ ഏത് സമയത്താണ് കൃഷി ചെയ്തത് എന്നതിന്റെ കൃത്യമായ വിവരം ഫയലിൽനിന്നും ലഭ്യമല്ല. ഗ്രൂപ്പുകൾ ഡിസംബർ,ജനുവരി മാസങ്ങളിലാണ് കൃഷി ചെയ്തതെന്നും ഭൂഉടമകൾ നൽകിയ കരം അടച്ച രസീത് മുൻവർഷങ്ങളിലേതാണെന്നുമാണ് മറുപടി നൽകിയത്.

ഗുണഭോക്തൃ തെരഞ്ഞെടുപ്പിലും നിർവഹണത്തിലും സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടാതെ നടപ്പാക്കിയ പദ്ധതിക്കായി ചെലവഴിച്ച 1,35,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 തനത് ഫണ്ട് ചെലവിൽ മിതത്വമില്ല; സർക്കാർ ധനവിനിയോഗ നിയമങ്ങൾ പാലിക്കുന്നില്ല

2016-17സാമ്പത്തിക വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ തനത്ഫണ്ട് ചെലവുകളിൽ പഞ്ചായത്ത് ഫണ്ട് ചെലവഴിക്കുമ്പോൾ പാലിക്കേണ്ട ജാഗ്രതയും മിതത്വവും തീരെ കാണുന്നില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെലവുകൾ പരിശോധിച്ച് അംഗീകാരം നല്കിയിട്ടില്ല. ഓരോ മാസത്തേയും ആകെ വരവ്, ചെലവ് അംഗീകരിക്കുക മാത്രമാണ് ചെയ്തിരിക്കുന്നത്. വൗച്ചറുകളിൽ പ്രസിഡന്റ് ഒപ്പിട്ടിട്ടില്ല. അതിനാൽ പ്രസിഡന്റ് ചെലവനുവാദം നല്കിയിട്ടില്ലെന്ന് കണക്കാക്കാവുന്നതാണ്.

മിതവ്യയം പാലിക്കാതെയുള്ള ചെലവുകളുടെ പൊതു സ്വഭാവം വ്യക്തമാക്കുവാൻ ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1. കമ്മറ്റികൾക്കും യോഗങ്ങൾക്കും വൻ തുക ഭക്ഷണചെലവ് നല്കുന്നു. ഇവയുടെ ചെലവ് രേഖയായി ഹാജരാക്കിയിരിക്കുന്നത് കുടുംബശ്രീ യൂണിറ്റുകളുടെ സുതാര്യത തീരെയില്ലാത്ത പേപ്പർ രസീതുകളാണ്. ഈ യൂണിറ്റുകൾ ഒന്നും ഡി&ഒ ലൈസൻസ് എടുത്തതായി കാണുന്നില്ല.
2. പഞ്ചായത്തിന് ഔദ്യോഗിക വാഹനവും ദിവസവേതനത്തിന് ഡ്രൈവറും ഉള്ളപ്പോൾ അനൗൺസ്മെന്റ്

പോലുള്ള വിവിധ ആവശ്യങ്ങൾക്കും പ്രസിഡന്റിന്റെ ഔദ്യോഗിക യാത്രകൾക്കും വാഹനം വാടക്ക് എടുത്ത് വലിയ തുക അധിക ചെലവ് വരുത്തി.

3. മൈക്ക്സെറ്റ് വാടക, ബാനർ, നോട്ടീസ് തുടങ്ങിയ പ്രചരണോപാധികൾക്ക് മറ്റ് പഞ്ചായത്തുകളിൽ സാധാരണ കാണാത്ത രീതിയിലും സാമാന്യബുദ്ധിക്ക് നിരക്കാത്ത രീതിയിലും എൽ.എസ്.ജി.ഡി പ്രൊക്യൂയർമെന്റ് മാന്വൽ, സർക്കാർ ഉത്തരവുകൾ എന്നിവ പാലിക്കാതെയും ബജറ്റിൽ അധികരിച്ചും വലിയ ചെലവുകൾ നടത്തിയതായി കാണുന്നു.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ എസ്റ്റാബ്ളിഷ്മെന്റ് ഒഴികെ തനത് ചെലവുകളിൽ ഓഡിറ്റ് ഗുരുതരമായ ക്രമക്കേടുകൾ സംഭവിച്ചിരിക്കാൻ സാധ്യത കാണുന്നു.അതിനാൽ തനത് ചെലവുകളിൽ ഉചിതമായ മേൽ അന്വേഷണം നടത്തുന്നത് ഭരണസമിതിയും ഭരണവകുപ്പും പരിഗണിക്കേണ്ടതാണ്.

## 3-6 മാവേലി സ്റ്റോറിന് അടിസ്ഥാന സൗകര്യം:1ലക്ഷം രൂപ പാഴായി

സർക്കാർ ഉത്തരവ് ലംഘിച്ച് അടിസ്ഥാന വികസനത്തിന് 1ലക്ഷം നല്കിയിട്ടും മാവേലിസ്റ്റോർ തുടങ്ങിയില്ല.

സെക്രട്ടറി നടപ്പാക്കിയ പ്രോജക്ട് (77/17)ലാണ് വികസനഫണ്ട് 1ലക്ഷം രൂപ ഗ്രാമപഞ്ചായത്തിൽ മാവേലിസ്റ്റോർ തുടങ്ങാൻ 23/02/2017 ൽ സപ്ലൈകോ ഹരിപ്പാട് താലൂക്ക് ഡിപ്പോ മാനേജർക്ക് നല്കിയത്. തുക നല്കി 5മാസം കഴിഞ്ഞ് ഓഡിറ്റ് നടക്കുമ്പോഴും മാവേലി സ്റ്റോർ പ്രവർത്തിക്കുന്നില്ല. സർക്കാർ ഉത്തരവ് 301/13/തസ്വഭവ 4.2.2013 അനുസരിച്ചാണ് പഞ്ചായത്ത് ഫണ്ട് നല്കിയത്. ഈ ഉത്തരവ് ഗ്രാമ പഞ്ചായത്തു കളിൽ രണ്ടാമത് തുടങ്ങുന്ന മാവേലി സ്റ്റോറിനാണ് അടിസ്ഥാന സൗകര്യവികസനത്തിന് പഞ്ചായത്ത് ഫണ്ടിൽ നിന്നും 1ലക്ഷം രൂപ നല്കേണ്ടത്. പഞ്ചായത്തിൽ നിലവിൽ മാവേലിസ്റ്റോർ പ്രവർത്തിക്കുന്നില്ല. അതിനാൽ ആദ്യ മാവേലി സ്റ്റോറിനാണ് ഉത്തരവ് തെറ്റായി വായിച്ച് ധനസഹായം നല്കിയത്.

ചെലവ് സർക്കാർ ഉത്തരവിന്റെ ലംഘനമായതിനാലും മാവേലിസ്റ്റോർ തുടങ്ങിയിട്ടില്ലാത്തതിനാലും 1ലക്ഷം രൂപ പലിശ സഹിതം തിരികെ ഈടാക്കി വികസനഫണ്ട് ശീർഷകത്തിൽ ഒടുക്കേണ്ടതാണ്.

<u>വിശദീകരണ രേഖകൾ ലഭ്യമല്ലാത്തവയും മറ്റ് അപാകങ്ങളും</u>

1. ഗ്രാമപഞ്ചായത്തിൽ മാവേലിസ്റ്റോർ അനുവദിച്ച സപ്ലൈകോ ഉത്തരവ്.
2. അടിസ്ഥാനവികസനത്തിന് ഫണ്ട് നല്കും മുമ്പ് സപ്ലൈകോയുമായി ചമച്ച കരാർ.
3. 1ലക്ഷം രൂപ സപ്ലൈകോ കൈപ്പറ്റിയതായി തെളിയിക്കുന്ന ഔദ്യോഗിക രസീത്.

(ഔദ്യോഗിക രസീതില്ലാതെ തുക സപ്ളൈകോ കൈപ്പറ്റിയതായി ഓഡിറ്റിൽ അംഗീകരിക്കുന്നതല്ല.)

4. മാവേലിസ്റ്റോറിന് വാടകകെട്ടിടം ഗ്രാമപഞ്ചായത്ത് എടുത്ത് നല്കിയതായി തീരുമാനം കാണുന്നു.നല്കിയിട്ടുണ്ടെങ്കിൽ ചെലവഴിച്ച വാടകയുടെ ചെലവ് രേഖകൾ, കെട്ടിട ഉടമയുമായി ചമച്ച വാടകകരാർ, വാടക നിർണയ രേഖകൾ.
5. പദ്ധതിയിൽ എല്ലാ ഇടപാടുകളും നടത്തിയിരിക്കുന്നത് ഗ്രാമപഞ്ചായത്തും സപ്ലൈകോ ഹരിപ്പാട് ഡിപ്പോ മാനേജരുമാണ്. സപ്ലൈകോ ഹെഡ് ഓഫീസുമായി ബന്ധപ്പെടാതെയുള്ള ഇടപാടുകളുടെ കൃത്യത സംശയാസ്പദമാണ്. അതിനാൽ കൃത്യത തെളിയിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

ചെലവിന്റെ വിവരം:വൗച്ചർ 2160123/28.2.17-100000 രൂപ.

ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണ(14/27.7.17)ത്തിന് സമർപ്പിച്ച മറുപടിയിൽ ഒരു ലക്ഷം രൂപയുടെ കൈപ്പറ്റ് രസീത് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും സപ്ലൈകോയുമായി ചമച്ച കരാറും ഉത്തരവുകളും ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

മാവേലിസ്റ്റോർ എത്രയും വേഗം പ്രവർത്തിക്കുന്നതാണെന്ന ഉറപ്പ് മറുപടിയിലില്ല. അതിനാൽ മറുപടി അംഗീകരിക്കുന്നില്ല. നിക്ഷേപം പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

## 3-7 <u>കെട്ടിട ഉടമയല്ലാത്തയാൾക്ക് വസ്തുനികുതി തിരികെ നല്കി</u>

അധികം അടച്ച വസ്തുനികുതി കെട്ടിട ഉടമയല്ലാത്തയാൾക്ക് തിരിച്ച് നല്കി.

21600450/1.9.16വൗച്ചറിൽ തനത് ഫണ്ട് 10333രൂപയാണ് കെട്ടിട ഉടമയല്ലാത്ത മുഹമ്മദ് ഷെരീഫി(പുതുവൽ, വാർഡ്-3)ന് നല്കി. 3-ാം വാർഡിലെ 197, 198, 199, 200എന്നീ കടമുറികളുടെ 13-14 മുതൽ 15-16വരെ വസ്തുനികുതി അധികം അടച്ച തുകയാണിത്. അസസ്മെന്റ്, ഡിമാന്റ് രജിസ്റ്ററുകളിൽ ഈ കടമുറികൾ പുതുവൽ ഐഷാകുഞ്ഞിന്റേതാണ്. അധികം അടച്ച വസ്തുനികുതി ഉടമയല്ലാത്തയാൾക്ക് തിരികെ നല്കിയത് ഗുരുതരക്രമക്കേടാണ്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 17.8.16ലെ 3ാം തീരുമാനപ്രകാരമാണ് തുക തിരിച്ചുനല്കിയത്. ഷെരീഫിന്റെ മാതാവിന്റേതാണ് കെട്ടിടമെന്ന് തീരുമാനത്തിൽ കാണുന്നു. അതിനുള്ള തെളിവുകൾ ഹാജരാക്കിയിട്ടില്ല. തീരുമാനത്തിൽ തുക തിരികെ നല്കുന്നതിന് ആധാരമായ പഞ്ചായത്ത് രാജ് നിയമം, ചട്ടം വ്യക്തമാക്കിയിട്ടില്ല.

ഐഷാകുഞ്ഞ് മരിച്ചതായി വൗച്ചറിൽ നിന്ന് വ്യക്തമാകുന്നു. മരിച്ചയാളിന്റെ അനന്തരാവകാശിയെ നിർണയിക്കാതെ, പഞ്ചായത്ത് രേഖകളിൽ ഉടമസ്ഥാവകാശം പുനർനിർണയിക്കാതെ പഞ്ചായത്ത് ഫണ്ട് പിൻവലിച്ചത് ഗുരുതര ക്രമക്കേടാണ്. തഹസിൽദാറിൽ നിന്നുള്ള പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ് (ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റ്) ലഭ്യമാക്കാതെ തുക നൽകിയത് അംഗീകരിക്കാവുന്നതല്ല.

തെറ്റായ തീരുമാനം കൈക്കൊണ്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി, നടപ്പാക്കിയ സെക്രട്ടറി എന്നിവരിൽ നിന്ന് ചെലവ് പലിശ സഹിതം തുല്യമായി ഈടാക്കി നിയമ വിരുദ്ധ ചെലവ് ക്രമീകരിക്കേണ്ടതാണ്.

2011ലെ കേരളാപഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 25 പാലിക്കാതെയാണ് തുക തിരികെ

നല്കിയത്. ആയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (11/26.7.17) കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം മാറ്റുന്നതിന് മുഹമ്മദ് ഷെരീഫിന് നിർദേശം നല്കിയിട്ടുള്ളതാണെന്നാണ് മറുപടി. അനന്തരാവകാശവും ഉടമസ്ഥതയും തെളിയിക്കാതെ തുക തിരിച്ചുനല്കിയ തെറ്റ് ശരിയാണെന്ന് തെളിയിക്കുന്ന തെളിവുകൾ മറുപടിയിലില്ല. അതിനാൽ അംഗീകരിക്കുന്നില്ല.

## 3-8 13.5ലക്ഷത്തിന്റെ കുടിവെള്ളപദ്ധതികൾ നിക്ഷേപമായി തുടരുന്നു

ഗ്രാമപഞ്ചായത്തിന്റെ കുടിവെള്ളപദ്ധതികൾ പ്രാരംഭപ്രവർത്തനങ്ങൾ പോലുമില്ലാതെ നിക്ഷേപമായി തുടരുന്നു.

രണ്ടാം വാർഡിൽ തോണികടവിൽ കുഴൽ കിണർ കുഴിച്ച് പമ്പ് ഹൗസ് സ്ഥാപിച്ച് കുടിവെള്ള വിതരണം മെച്ചപ്പെടുത്തുവാനും മൂന്ന് അംഗനവാടികൾക്ക കുടി വെള്ളകണക്ഷനും ആവിഷ്കരിച്ച പദ്ധതികളാണ് ഭൂജലവകുപ്പിലും വാട്ടർ അതോറിറ്റിയിലും നിക്ഷേപമായത്.

ഗ്രാമപഞ്ചായത്ത് 2016-17ൽ ലോകബാങ്ക് സഹായം 700000 രൂപ ഭൂജലവകുപ്പിലും (പ്രോജക്ട് നം.106/17) 650000/-രൂപ (ഗുണഭോക്തൃ വിഹിതം 17120/- ഉൾപ്പെടെ) വാട്ടർ അതോറിറ്റി (പ്രോജക്ട് നം.107/17, 113/17) യിലും നിക്ഷേപിച്ചു. 2016 സിസംബർ 2017ജനവരി, മാർച്ച് മാസങ്ങളിലായിരുന്നു നിക്ഷേപിച്ചത്. നിക്ഷേപശേഷം മാസങ്ങൾ കഴിഞ്ഞിട്ടും പദ്ധതി നിർവഹണത്തിന്റെ പ്രാരംഭപ്രവർത്തനങ്ങൾ പോലും തുടങ്ങിയതിന് തെളിവില്ല. 13.6.17ലാണ് കുഴൽ കിണർ സ്ഥാപിക്കുന്ന പുറമ്പോക്ക് മണ്ണിട്ടുയർത്താൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ്റ്റിമേറ്റ് അംഗീകരിച്ചത്.

കുടിവെള്ളം പോലെ അടിയന്തരപ്രാധാന്യമുള്ള പദ്ധതികൾ നിക്ഷേപമായി തുടരുന്നത് ഭരണപരാജയമാണ്. പദ്ധതി വേഗത്തിൽ പൂർത്തിയാക്കാൻ സ്വീകരിച്ച തുടർനടപടികൾ വിവരിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

പദ്ധതിയിലെ മറ്റ് അപാകങ്ങൾ

1. കുഴൽ കിണർ സ്ഥാപിക്കുന്നതിന് ജലലഭ്യത ഉറപ്പാക്കിയ ഭൂജലവകുപ്പിന്റെ സാധ്യതാ പഠന സർട്ടിഫിക്കറ്റ് ഇല്ല.
2. ഓഡിറ്റിന് ലഭ്യമായ രേഖകൾ അനുസരിച്ച് കുടിവെള്ളപദ്ധതി പഞ്ചായത്തിന്റേതാണെന്നതിന് തെളിവില്ല. ലോകബാങ്ക് സഹായം ഉപയോഗിച്ച് വാട്ടർ അതോറിറ്റിക്ക് വേണ്ടി കുഴൽ കിണറും പമ്പ് ഹൗസും പഞ്ചായത്ത് നിർമ്മിച്ചുനല്കുന്നതായി കാണുന്നു. സർക്കാർ അനുമതിയില്ലാതെ പഞ്ചായത്ത് ഫണ്ട് വാട്ടർ അതോറിറ്റിയുടെ ആസ്തിവികസനത്തിന് ഉപയോഗിക്കുന്നത് പഞ്ചായത്ത് രാജ് നിയമത്തിന്റെ ലംഘനമാണ്.
3. 96ലെ കേരള പഞ്ചായത്ത് രാജ് കരാർ ചട്ടങ്ങളിലെ നിർദേശാനുസരണം നിക്ഷേപ ഏജൻസികളുമായി സെക്രട്ടറി കരാർ വെച്ചില്ല.
4. കുഴൽ കിണറും പമ്പ് ഹൗസും നിർമ്മിക്കുന്നത് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിലാണെന്ന് ആധാരം, കരംഅടച്ച രസീത് എന്നിവ ഹാജരാക്കി തെളിയിക്കേണ്ടതാണ് .
5. പ്രോജക്ടുകളുടെ വിശദമായ എസ്റ്റിമേറ്റ് തയാറാക്കിയിട്ടില്ല.
6. പമ്പ് ഹൗസ് പ്രോജക്ടിന് 171206( ഗുണഭോക്തൃ വിഹിതം-130000, തനത്ഫണ്ട് 41206, തനത് ട്രഷറി ചെക്ക് 823763/3.2.17, വൗച്ചർ 21601157/4.3.17) കുടി വാട്ടർ അതോറിറ്റിക്ക് നല്കിയതായി കാണുന്നു. ഗുണഭോക്താക്കളുടെ യോഗം ചേർന്നതായി കാണുന്നില്ല.ഗുണഭോക്തൃ വിഹിതം ആരിൽ നിന്ന് പിരിച്ചു എന്നതും വ്യക്തമാക്കിയിട്ടില്ല.

7. പദ്ധതിയിൽ ഭൂജലവകുപ്പിനും വാട്ടർ അതോറിറ്റിക്കും നല്കിയെങ്കിലും രണ്ട് ഏജൻസികളും ഔദ്യോഗിക രസീത് നല്കിയിട്ടില്ല.

ചെലവിന്റെ വിവരം-

1.ബിൽ 34/27.12.16-700000രൂപ-കുഴൽ കിണർ

2.ബിൽ 40/27.12.16-428794രുപ-പമ്പ് ഹൗസ്

113/17പ്രോജക്ടിൽ അംഗനവാടികൾക്ക് വാട്ടർ കണക്ഷൻ ലഭിക്കുന്നതിന് 50000രൂപ ലോകബാങ്ക് സഹായം പിൻവലിച്ചു. ഈ തുക വാട്ടർ അതോറിറ്റി കൈപ്പറ്റിയതിന് രസീത് ഇല്ല. 86,76,74 എന്നീ മൂന്ന് അംഗനവാടികൾക്കു വേണ്ടിയാണ് തുക നിക്ഷേപിച്ചത്. അംഗനവാടിക്ക് വാട്ടർ കണക്ഷൻ ലഭിച്ചതിനും തെളിവില്ല. ഫൈനൽ ബില്ല്, വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല.

ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണ(04/24.7.17)ത്തിന് ഗ്രാമപഞ്ചായത്തിന്റെ മറുപടി-പമ്പ് ഹൗസും കുഴൽ കിണറും പഞ്ചായത്തിന്റെ ഉടമസ്ഥതയിലാണ്. ജലവിതരണം മാത്രമാണ് വാട്ടർ അതോറിറ്റിക്ക്. നിയമപ്രകാരമുള്ള കരാറുകൾ നിക്ഷേപ ഏജൻസികളുമായി ചമച്ച് ഓഡിറ്റിന് ഹാജരാക്കുന്നതാണ്. മറുപടി അംഗീകരിക്കുന്നു. എന്നാൽ ഉടമസ്ഥത തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയില്ല. ചമയ്ക്കുന്ന കരാറിൽ ഇത് മുഖ്യ വ്യവസ്ഥയാക്കേണ്ടതാണ്.

പദ്ധതികളുടെ ലക്ഷ്യം നിറവേറിയിട്ടില്ലാത്തതിനാൽ ആകെ നിക്ഷേപ തുക 13.5 ലക്ഷം രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 3-9 അതിർത്തികളിൽ ബോർഡ്: നിയമങ്ങൾ പാലിക്കാതെ ചെലവ്

ഗ്രാമപഞ്ചായത്തിന്റെ അതിർത്തികളിൽ ദിശാബോർഡ് സ്ഥാപിക്കുന്നതിന് നിയമങ്ങൾ പാലിക്കാതെ ചെലവ്.

സെക്രട്ടറി നിർവഹിച്ച പ്രോജക്ട് 47/17(അടങ്കൽ തനത് ഫണ്ട് 50000രൂപ)ലാണ് 10 ബോർഡ് സ്ഥാപിക്കുന്നതിന് 47000 രൂപ കെ.ഐ.അജിത് പ്രസാദി(പിഡബ്ള്യൂഡി കരാറുകാരൻ, കൊല്ലംപറമ്പിൽ, മുഹമ്മ) ന് നല്കിയത് (വൗച്ചർ നം. 21601348/23.3.17). താഴെ വിവരിക്കുന്ന രേഖകൾ ഹാജരാക്കാത്തതിനാൽ നിയമങ്ങൾ പാലിക്കാത്ത ചെലവായി കണക്കാക്കുന്നു.

1. മരാമത്ത് സ്വഭാവമുള്ള ചെലവായിട്ടും എസ്റ്റിമേറ്റ് എടുത്തില്ല. സാങ്കേതികാനുമതി വാങ്ങിയില്ല. നല്കിയിരിക്കുന്ന നിരക്ക് ഏത് ഡേറ്റ അടിസ്ഥാനമാക്കിയതെന്ന് വ്യക്തമാക്കേണ്ടതാണ്.
2. എം.ബുക്കിൽ ചേർത്ത് മൂല്യനിർണയം നടത്തി നിയമപ്രകാരമുള്ള നികുതികളും വിഹിതവും ഈടാക്കിയില്ല.
3. പദ്ധതി അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹിച്ചില്ല.
4. മുൻ വർഷങ്ങളിൽ അതിർത്തികളിൽ ബോർഡുകൾ സ്ഥാപിച്ചിരുന്നതാണ്. ഈ ബോർഡുകൾക്ക് എന്ത് സംഭവിച്ചു എന്നതിന് ഉത്തരമില്ല. കാലപ്പഴക്കത്താൽ ഉപയോഗശൂന്യമെങ്കിൽ ബോർഡുകൾ ലേലം ചെയ്ത് മുതൽ കൂട്ടിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതായിരുന്നു.
5. ഏതോക്കെയാണ് ബോർഡ് സ്ഥാപിച്ച10 അതിരുകൾ എന്ന് വ്യക്തമാക്കിട്ടില്ല. പദ്ധതി സ്വകാര്യ സ്പോൺസർഷിപ്പിൽ ചെയ്യാമായിരുന്നു. അങ്ങനെ പഞ്ചായത്ത് ഫണ്ട് ലാഭിക്കാമായിരുന്നു. അതിന് ശ്രമിച്ചില്ല.

ഭൗതികപരിശോധനയിൽ ദേശീയപാതയിൽ കുമാരപുരം കരുവാറ്റ അതിർത്തിയിൽ രണ്ട് ബോർഡ് കാണുന്നു. മുകളിൽ വ്യക്തമാക്കിയ അപാകങ്ങൾ പരിഹരിച്ച ചെലവ് നിയമപരമാക്കണം. അതേവരെ ചെലവ് 47000രൂപ തടസപ്പെടുത്തുന്നു.

## 3-10 ഉറക്കാത്ത പകൽവീടിനായി ഫർണ്ണീച്ചർ, ടി.വി, പ്രവർത്തന സജ്ജമാക്കാത്ത ടച്ച് സ്ക്രീൻ

ടച്ച് സ്ക്രീൻ വാങ്ങൽ, വയോസ്പർശം പദ്ധതികൾക്കായി ചെലവഴിച്ച തുക ബന്ധപ്പെട്ട കാരണങ്ങളാൽ തടസ്സപ്പെടുത്തുന്നു.

| ക്രമനം. | പ്രോജക്ട് നം,പേര്. | ബിൽ നം.,തുക. | റിമാർക്സ്. |
|---|---|---|---|
| 1. | ടച്ച് സ്ക്രീൻ വാങ്ങൽ. | 1,28,000/-<br>ബിൽ നം.<br>10/16-17 തീയതി<br>27.09.2016. | ഉപയോഗ<br>സജ്ജമാക്കിയിട്ടില്ല. |
| 2. | വയോസ്പർശം -ടിവി<br>വാങ്ങൽ, കേബിൾ | 19970/-<br>ബിൽ നം.<br>59/16-17തീയതി<br>18.03.2017. | വാങ്ങിയ നിലയിൽ അസിസ്റ്റന്റ് സെക്രട്ടറിയുടെ മുറിയിൽ സൂക്ഷിച്ചിരിക്കുന്നു. |

| | | | |
|---|---|---|---|
| | കണക്ഷൻ. | 4870/-<br>ബിൽ നം.<br>84/16-17തീയതി<br>1.03.2017. | |
| ആകെ. | | 152840/- | |

കൂടാതെ, പകൽവീടിനായി അൻപത് പ്ലാസ്റ്റിക് കസേരകൾ,ഒരു തടിക്കട്ടിൽ, ഒരു റിവോൾവിംഗ് ചെയർ എന്നിവയും എ-വൺ ഫർണ്ണീച്ചർ, കുമാരപുരം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. (42500/- ബിൽ നം.80/16-17 തീയതി 31.03.2017.) സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ഇവ സ്റ്റോക്കിൽ ചേർത്തിട്ടില്ല. ഓഡിറ്റ് ടീം നടത്തിയ ഭൌതിക പരിശോധനയിൽ പകൽവീടിനുള്ളിലും ഇവ സൂക്ഷിച്ചിട്ടില്ല. സ്റ്റോക്കിൽ ചേർത്തിട്ടില്ലാത്തതിനാലും ഭൌതിക പരിശോധനയിൽ കണ്ടെത്താൻ കഴിയാത്തതിനാലും ഫർണ്ണീച്ചറുകൾക്കായി ചെലവഴിച്ച 42500/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-11 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ-മരുന്ന് ലഭ്യമായിട്ടില്ല

പ്രോജക്ട് നം. : 60/17

ബിൽ നം. 1/16-17 തീയതി, 30.11.2016, 200000/-രൂ

അക്കൗണ്ട് നം. : 45533 തീയതി. 2.12.2016

ഹോമിയോ ഡിസ്പൻസറിയ്ക്ക് മരുന്ന് വാങ്ങൽ പ്രോജക്ട് പ്രകാരം മരുന്നിന്റെ വിലയായി മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡിൽ നിന്ന് 200000 രൂപ പിൻവലിച്ച് (അക്കൗണ്ട് നം. : 45533തീയതി. 2.12.2016) പ്രകാരം ഹോംകോയ്ക്ക് നൽകിയിരുന്നു. ഫയൽ പരിശോധിച്ചതിൽ മരുന്നുകൾ ലഭിച്ചതായി കാണുന്നില്ല. ഇതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം. 17. തീയതി,28.07.17 ന് മരുന്ന് പാക്കിംഗ് സെക്ഷനിലാണെന്നും ഉടൻതന്നെ ലഭ്യമാക്കുന്നതാണെന്നും ഹോംകോയിൽ നിന്നും അറിയിച്ചിട്ടുണ്ടെന്ന് മറുപടി നൽകി. നാളിതുവരെയും മരുന്നുകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ ഇതിനായി ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു

## 3-12 ആയുർവ്വേദ ആശുപത്രിക്ക് മരുന്നുവാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭിച്ചില്ല

പ്രോജക്ട് നം. : 23/16-17

ബിൽ നം. 1/16-17 തീയതി, 31.10.2016, 200000/-രൂ

അക്കൗണ്ട് നം. : 5913005900000015, തീയതി. 25.01.2017

2016-17 ൽ ആയുർവേദ മരുന്നുകൾ വാങ്ങാനായി മേൽ പറഞ്ഞ ബില്ല് പ്രകാരം 2ലക്ഷം രൂപ പിൻവലിച്ച് ഔഷധിക്ക് മുൻകൂറായി നൽകിയെങ്കിലും 144264/- രൂപയുടെ മരുന്നുകൾ മാത്രമേ നാളിതുവരെ ലഭിച്ചുള്ളൂ. മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകേണ്ടതാണ്.അഡ്വാൻസായി തുക നൽകി ആറുമാസത്തോളമായിട്ടും മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല. ലഭിക്കാനുള്ള മരുന്നിന്റെ വില 55736/- രൂപ തടസ്സപെടുത്തുന്നു.

## 3-13 പാലിയേറ്റീവ് കെയർ പദ്ധതി - മരുന്ന്/ഉപകരണങ്ങൾ എന്നിവ ലഭിച്ചില്ല

പ്രോജക്റ്റ് നം. : 32/16-17

ബിൽ നം.3/16-17 തീയതി, 31.10.16, 66000/-രൂ (ഡി.ഡി.നം. 452146 തീയതി, 31.10.2016)

പ്രോജക്റ്റ് നം. : 34/16-17

ബിൽ നം.7/16-17 തീയതി,31.10.17, 223005/-രൂ (അക്കൗണ്ട് നം. : 5913005900000010, തീയതി. 25.01.2017, 100000/-)

നിർവ്വഹണം : മെഡിക്കൽ ഓഫീസർ -പി.എച്ച്.സി

പാലിയേറ്റീവ് കെയർ പദ്ധതിയ്ക്ക് തൻവർഷം 289005/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ മരുന്നിന് 200000/-രൂപയും, ഉപകരണങ്ങൾക്ക് 89005/-രൂപയും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനു നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും മരുന്നുകൾ/ഉപകരണങ്ങൾ ലഭിച്ചിട്ടില്ല. ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഹാജരാക്കുന്നതിനു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം. 9/26-07-17) മെഡിക്കൽ ഓഫീസർ നൽകിയ മറുപടിയിൽ, മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ സ്റ്റോക്കില്ലാത്തതിനാലാണ് നാളിതുവരെയും വിതരണം നടത്താതിരുന്നതെന്ന് ബോധിപ്പിച്ചിട്ടുണ്ട്. മരുന്ന്/ഉപകരണങ്ങൾ ലഭിക്കാത്ത സാഹചര്യത്തിൽ 289005/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-14 <u>പാലിയേറ്റീവ് കെയർ- പി.എം.സി കൂടുന്നില്ല, നിർവ്വഹണക്കമ്മിറ്റി രൂപീകരിച്ചിട്ടില്ല</u>

29.10.15 ലെ ജി.ഒ (ആർടി) 3217/15, LSGD നം. സർക്കാർ ഉത്തരവിൽ പാലിയേറ്റിവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രണ്ടുമാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് ഓരോ മാസത്തേയും പ്രതിമാസ അവലോകന റിപ്പോർട്ടും വരവ്ചെലവ് കണക്കുകളും വിലയിരുത്തി അംഗീകരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പി.എം.സി മിനുട്സ് പരിശോധിച്ചതിൽ 2016-17 ൽ ഒരുതവണ മാത്രമാണ് പി.എം.സി കൂടിയിട്ടുള്ളത് ഇതിന്റെ മിനിട്സ് ക്ലോസ്ചെയ്തിട്ടുമില്ല. പ്രസ്തുത ഉത്തരവ് പ്രകാരം പാലിയേറ്റിവ് കെയർ നിർവ്വഹണക്കമ്മിറ്റി രൂപീകരിച്ച് എല്ലാ മാസവും 5-ാം തീയതിക്കുമുമ്പായി ഈ കമ്മിറ്റി യോഗം ചേർന്ന് പാലിയേറ്റീവ് കെയർ പ്രവർത്തനം വിലയിരുത്തേണ്ടതാണെന്ന് സർക്കാർ നിർദ്ദേശമുണ്ട്. എന്നാൽ പ്രസ്തുത കമ്മിറ്റി രൂപീകരിച്ചിട്ടില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിക്കേണ്ടതാണ്. ഇതിന്റെ വിശദാംശം ഹാജരാക്കേണ്ടതാണ്.

## 3-15 <u>ഓടശുചീകരണം: പണമാക്കിയ സർക്കാർ ഗ്രാന്റ് തനത്ഫണ്ടിൽ ഒടുക്കിയില്ല</u>

തനത് ഫണ്ടിൽ തിരികെ ഒടുക്കി ക്രമീകരിക്കണ്ടേ ധനകാര്യകമ്മീഷൻ ഗ്രാന്റ് 56509രൂപ ട്രഷറിയിൽ നിന്ന് പിൻവലിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും തനത് അക്കൗണ്ടിൽ വരവില്ല. ധനാപഹരണത്തിന് സമാനമായ ഗുരുതരക്രമക്കേട് ഓഡിറ്റിൽ ശ്രദ്ധയിൽ പെടുത്തിയിട്ടും ഗ്രാമപഞ്ചായത്ത് പരിഹരിച്ചില്ല.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹിച്ച ഓട ശുചീകരണം എന്ന പദ്ധതി (97/17) ലാണ് 56509 രൂപ ട്രഷറിയിൽ നിന്ന് പിൻവലിച്ചത്. 24.12.16 ലാണ് 12/16-17 (വാറ്റ് 2903രൂപ, ക്ഷേമനിധി 581രൂപ ഉൾപ്പെടെ ആകെ 59993രൂപ)ബില്ലിൽ നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയർ തുക മാറിയത്. 56509രൂപയുടെ സെക്രട്ടറിയുടെ പേരിലുള്ള ഡി.ഡി(452946/31.12.2016)യുടെ ഫോട്ടോ പകർപ്പ് വർക്ക് ഫയലിൽ കാണുന്നു. ഗ്രാമപഞ്ചായത്തിന്റെ തനത് അക്കൗണ്ടുകളിൽ ഒന്നിലും തുക വരവില്ല.

ട്രഷറി തനത് എസ് ബി അക്കൗണ്ടിൽ വരവ് വെക്കുന്നതിന് ഡി.ഡി ട്രഷറിയിൽ നല്കിയതായി അസി.എഞ്ചിനിയർ പറയുന്നു. എന്തുകൊണ്ട് ടിഎസ്ബിയിൽ തുക വരവില്ലെന്നതിന് ഓഡിറ്റ് തീരുംമുമ്പ് വ്യക്തത വരുത്താമെന്നുമായിരുന്നു അസിസ്റ്റന്റ് എഞ്ചിനിയറുടെ നേരിട്ടുള്ള വിശദീകരണം. 56509രൂപയുടെ എവിടെ എന്നതിന് വ്യക്തത വരുത്തിയില്ലെന്നുമാത്രമല്ല വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് അസിസ്റ്റന്റ് എഞ്ചിനിയർ മറുപടി നല്കിയുമില്ല. ഡി.ഡി ഹാജരാക്കുവാനുള്ള ഓഡിറ്റ് നിർദേശവും അസിസ്റ്റന്റ് എഞ്ചിനിയർ അവഗണിച്ചു.

പദ്ധതിക്ക് 31/8/2016 ൽ തനത് ഫണ്ടിൽ നിന്നും 56509രൂപ (എഡിസിബി ചെക്ക് 017215)സെക്രട്ടറി അസിസ്റ്റന്റ് എഞ്ചിനിയർക്ക് മുൻകൂർ നല്കിയിരുന്നു. മുൻകൂർ അനുവദിച്ച പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിൽ പദ്ധതിക്ക് അംഗീകാരം ലഭിക്കുന്ന മുറക്ക് മുൻകൂർ ക്രമീകരിക്കണമെന്ന് വ്യക്തമാക്കിയിരുന്നു. പദ്ധതിക്ക് അംഗീകാരം ലഭിച്ചശേഷം പിൻവലിച്ച ധനകാര്യ കമ്മീഷൻ ഗ്രാന്റാണ് തനത് ഫണ്ടിൽ തിരികെയെത്താതെ അപ്രത്യക്ഷമായത്. സർക്കാർ ധനവിനിയോഗ നിയമങ്ങളുടെ ലംഘനമാണിത്. മാത്രമല്ല ഇതിലൂടെ ഗ്രാമപഞ്ചായത്തിന് ഫണ്ടും അതിന്റെ പലിശയും നഷ്ടമായിരിക്കുന്നു. ഈ വിഷയത്തിൽ സമഗ്രാന്വേഷണം നടത്തി തുടർ നടപടി സ്വീകരിക്കേണ്ടതാണ്. ഡി.ഡി പിൻവലിച്ച തീയതി മുതൽ തിരികെ ഒടുക്കുന്നത് വരെ 18% പിഴപലിശ കൂടി അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ക്രമീകരിക്കേണ്ടതുമാണ്.

ഓട ശുചീകരണം പദ്ധതിയുടെ നിർവഹണത്തിലും അപാകങ്ങളുണ്ട്. ഗുണഭോക്തൃസമിതി നിർവഹിച്ച പദ്ധതിയുടെ കൺവീനർ രജീഷ്, രജീഷ് ഭവനം, താമല്ലാക്കൽ ആയിരുന്നു. ഖണ്ഡികയിൽ വ്യക്തമാക്കിയ അപാകങ്ങൾ ഈ പദ്ധതിയിലും കാണാം.

ഏത് വാർഡിൽ ഏതൊക്കെ ഓടകൾ ശുചീകരിച്ചു എന്ന് വ്യക്തമാക്കി യിട്ടില്ല. എസ്റ്റിമേറ്റ് റിപ്പോർട്ട്, വിശദമായ എസ്റ്റിമേറ്റ്, സൈറ്റ് പ്ളാൻ എന്നിവയില്ല. 8/2016ലാണ് ഓട ശുചീകരിച്ചതായി രേഖ. ഇതിന് തൊട്ടുമുമ്പ് 5/2016മഴക്കാലപൂർവ ശുചീകരണത്തിന്റെ ഭാഗമായി വാർഡ് ശുചീകരണ സമിതികൾ 25000രൂപ വീതം ഓരോ വാർഡിലും ശുചീകരണത്തിന് ചെലവഴിച്ചിട്ടുണ്ട്. സമിതിയും ഓടശുചീകരണമാണ് നടത്തിയത്. അതിനാൽ പദ്ധതി നിർവഹണ രേഖകളുടെ കൃത്യത വ്യക്തമല്ല.

തനത് അക്കൗണ്ടിൽ തിരികെ എത്തിയില്ലെങ്കിലും ഏറ്റവും ഒടുവിൽ പദ്ധതിക്ക് മാറിയിരിക്കുന്നത് ധനകാര്യകമ്മീഷൻ ഗ്രാന്റാണ്. വികസനഫണ്ട് പോലെ ആസ്തി നിർമാണത്തിന് ഉപയോഗിക്കേണ്ടതാണ് ഗ്രാന്റ്. പദ്ധതിയുടെ ആകെ ചെലവ് 59993 രൂപയാണ് ഇതിൽ 56509രൂപയും കൂലിചെലവാണ്. ആസ്തിസൃഷ്ടിക്കാതെ കൂലിചെലവിന് മാത്രം ധനകമ്മീഷൻ ഗ്രാന്റ് പാഴാക്കുന്നത് പുനപരിശോധിക്കേണ്ടതാണ്.

പദ്ധതിയുടെ ആദ്യ ഗുണഭോക്താക്കൾ വ്യാപാരികളാണ്. ഇവരുടെ സഹകരണത്തിൽ നടപ്പാക്കാമായിരുന്ന പദ്ധതിക്കാണ് വികസനഫണ്ട് ചെലവഴിച്ചിരിക്കുന്നത്. കൃത്യതയും ആധികാരികതയും തെളിയിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ആകെ ചെലവ് 59993രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 3-16 മരാമത്ത് പണി ചെയ്യാത്ത കരാറുകാരന് 2.24ലക്ഷം പഞ്ചായത്ത് ഫണ്ട്

മരാമത്ത് പണിചെയ്യാത്ത കരാറുകാരന് പഞ്ചായത്ത് ഫണ്ടിൽ നിന്ന് 223689രൂപ നല്കി.

റോഡ് സംരക്ഷണഗ്രാന്റ് 237968 രൂപ ചെലവഴിച്ച കണ്ണന്തറ-കാരാവള്ളിൽ റോഡ് റീ ടാറിംഗ്(പ്രോജക്ട് 92/17-അടങ്കൽ 2.4ലക്ഷം) വേലയിലാണ് ഗുരുതരമായ ക്രമക്കേട്. വേലയുടെ കരാറുകാരൻ പുരുഷോത്തമനാ(കാവിൽ വീട്, പൊത്തപ്പള്ളി)യിരുന്നു. സെലക്ഷൻ നോട്ടീസ് (17/AE/2016-17,19.12.16) എഗ്രിമെന്റ് (10/AE/LSGD/16-17,31.12.16), എം.ബുക്ക് (14/16-17) എന്നിവ തെളിവ്. എന്നാൽ ഈ മരാമത്ത്

വേലയുടെ നികുതി വിഹിതങ്ങൾ കിഴിച്ചുള്ള 223689രൂപ പണിചെയ്യാത്ത പി.ഷൈനിന് നല്കി(ബിൽ 24/16-17, 31.03.17-237968രൂപ). പഞ്ചായത്ത് ഫണ്ട് കൈപ്പറ്റുന്നതിന് പുരുഷോത്തമൻ ഷൈനിനെ നിയമപരമായി അധികാരപെടുത്തിയിട്ടില്ല. അധികാരപത്രം അടിസ്ഥാനമാക്കി പഞ്ചായത്ത് കമ്മറ്റി തീരുമാനവും കാണുന്നില്ല.

ഷൈൻ ഈ വേലക്ക് എസ്റ്റിമേറ്റിൽ 4%അധികം നിരക്ക് ആവശ്യപ്പെട്ടതി നാൽ നിരസിക്കപ്പെട്ട കരാറുകാരനാണ്. പണിചെയ്യാത്ത കരാറുകാരന് ബിൽ തുക നല്കിയത് ഗുരുതരമായ സാമ്പത്തിക ക്രമക്കേടായതിനാൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നല്കി. മറുപടി ലഭിച്ചില്ല.

പൊതുമരാമത്ത് നിയമങ്ങൾക്ക് വിരുദ്ധമായ നടപടിയിലൂടെ ടെണ്ടർ നടപടികളിൽ ഗ്രാപഞ്ചായത്തിന്റേതിനേക്കാൾ കരാറുകാരുടെ താല്പര്യങ്ങൾ സംരക്ഷിക്ക പ്പെടുന്നതായി വ്യക്തമാകുന്നു. ഗ്രാമപഞ്ചായത്തിലെ 2016-17സാമ്പത്തിക വർഷത്തെ മരാമത്ത് പദ്ധതികളുടെ ടെണ്ടർ നടപടികളുടെ കൃത്യതയും സുതാര്യതയും നിഷ്പക്ഷതയും നിയമപരതയും ഈ നടപടി ചോദ്യംചെയ്യുന്നു. ക്രമക്കേടിന്റെ അടിസ്ഥാനത്തിൽ ഗ്രാപഞ്ചായത്തിലെ ഓഡിറ്റ് വർഷത്തെ മുഴുവൻ മരാമത്ത് പദ്ധതികളും വിശദമായ അന്വേഷണത്തിന് വിഷമാക്കേണ്ടതാണ്.

അനർഹനായ ആൾക്ക് നല്കിയ പഞ്ചായത്ത് ഫണ്ട് -223689രൂപ പലിശ സഹിതം തിരികെ ഈടാക്കി റോഡ് സംരക്ഷണഗ്രാന്റ് ശീർഷകത്തിൽ ഒടുക്കേണ്ടതാണ്.

## 3-17 <u>റോഡ് റീടാറിംഗ് : ബിറ്റുമിൻ ഡ്രമ്മിന്റെ വില ഈടാക്കിയില്ല</u>

പാക്ക്ഡ് ബിറ്റുമെൻ നിരക്കിൽ ചെയ്ത റോഡ് റീട്ടാറിംഗ് വേലകളിൽ ഉപയോഗിച്ച ബിറ്റുമിന്റെ ഡ്രമ്മിന്റെ വില ഈടാക്കിയില്ല.

കരാറുകാർ നടത്തിയ റോഡ് സംരക്ഷണ ഗ്രാന്റ് ചെലവഴിച്ച മണിമല-എതിരേപ്പാൽ റോഡ്(പ്രോജക്ട് 90/17-അടങ്കൽ 2.35ലക്ഷം), കണ്ണന്തറ-കാരാവള്ളിൽ റോഡ് (പ്രോജക്ട് 92/17-അടങ്കൽ 2.4ലക്ഷം)എന്നീ റീടാറിംഗ് വേലകൾക്ക് പാക്ക്ഡ് ബിറ്റുമിൻ നിരക്കാണ് നല്കിയത്. പ്രൈസിലാണ് എസ്റ്റിമേറ്റ് തയാറാക്കിയത്. ഉപയോഗിച്ച ബിറ്റുമിന്റെ ഒഴിഞ്ഞ ഡ്രമ്മുകളുടെ വില കരാറുകാരിൽ നിന്ന് ഈടാക്കിയതായി കാണുന്നില്ല. ആദ്യ വേലയുടെ 14(എം.ബുക്ക്-15/16-17)ഉം രണ്ടിന്റെ 9(എം.ബുക്ക്-14/16-17)ഡ്രമ്മുകളുടേയും വിലയാണ് ഈടാക്കേ ണ്ടത്. കരാറുകാരിൽ നിന്ന്/അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്ന് വാറ്റ് ഉൾപ്പെടെ വില-5750 (23x250) ഈടാക്കി റോഡ് സംരക്ഷണഗ്രാന്റ് ശീർഷകത്തിൽ ഒടുക്കി (വാറ്റ് ഒഴികെ) നഷ്ടം ക്രമീകരിക്കേണ്ടതാണ്.

<u>ചെലവിന്റെ വിവരം</u>

1. പ്രോജക്ട് നം.90/17 ബിൽ. 26/16-17,30.03.2017 158651രൂപ.
2. പ്രോജക്ട് നം.92/17 ബിൽ. 24/16-17,30.03.2017 237968രൂപ.

## 3-18 <u>ഗുണഭോക്തൃ സമിതി വേലകളിൽ നിയമവിരുദ്ധ ചെലവ്</u>

1. ഗുണഭോക്തൃ സമിതി നിർവ്വഹിച്ച ശ്മശാനത്തിന് ചുറ്റുമതിൽ (പ്രോജക്ട് 79/16-അടങ്കൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ്-100000രൂപ)ൽ എന്ന പദ്ധതിയുടെ എം.ബുക്ക് (68/15-16), ബില്ല് എന്നിവ അനുസരിച്ച് 1739രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നും ആദായനികുതി അടച്ചു. ഗുണഭോക്തൃസമിതി കൺവീനർ ആദായനികുതി നിയമത്തിന്റെ പരിധിയിൽ വരാത്തതിനാൽ ചെലവ് പഞ്ചായത്ത് ഫണ്ടിന് നഷ്ടമാണ്.

<u>ചെലവിന്റെ വിശദാംശം-</u>

ബിൽ 3/16-17, 24-03-2016 - 92165രൂപ. കൺവീനർ(ശശികുമാർ)ക്ക് 85210രൂപ, D.D.460960/21.10.2016.

ആദായനികുതി ഒടുക്കിയത് -ചെലാൻ 520/32,24.09.16-1739രൂപ.

2. ഗുണഭോക്തൃ സമിതി നിർവഹിച്ച ഓടശുചീകരണം(പ്രോജക്ട്.97/17-അടങ്കൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ്-60000രൂപ)എന്ന പദ്ധതിയുടെ എസ്റ്റിമേറ്റ്, എം.ബുക്ക് (1/16-17)എന്നിവ അനുസരിച്ച് 2014ലെ DSRലെ ഐറ്റം 2.1.1 അനുസരിച്ച് 270.3 ച.മീ ഓട ശുചീകരിച്ചതിന് 100 ച.മീന് 7734.19 നിരക്ക് നല്കിയതായി കാണുന്നു. DAR അനുസരിച്ച് ഈ നിരക്ക് 15% CPOHഉൾപ്പെടെ നിരക്കാണിത്. ഗുണഭോക്തൃ സമിതിയായതിനാൽ 5%OHന് മാത്രമാണ് അർഹത. അതിനാൽ അർഹമായ നിരക്ക് 100ച.മീന് 7061.67രൂപയാണ്. ഈ നിരക്കിൽ കണക്കാക്കുമ്പോൾ കൺവീനർക്ക് 1818രൂപ അധികം നല്കി.

ചെലവിന്റെ വിശദാംശം-ബിൽ 12/16-17, 24-12-2016-59993 രൂപ. കൺവിനർ (രജീഷ്, രജീഷ് ഭവനം, താമല്ലാക്കൽ) 56509രൂപ (D.D453944/3.9.16-16509രൂപ, D.D 453945/3.9.16-40000രൂപ)

1,2ലെ ആകെ നഷ്ടം 3557രൂപ നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-19 സേവന നികുതി കരാറുകാർക്ക് തിരികെ നല്കി

മരാമത്ത് വേലകളുടെ സേവനനികിതി പൂർണമായും കരാറുകാർക്ക് തിരികെ നല്കി.

സേവനനികുതി ബാധകമായ രണ്ട് മരാമത്ത് പദ്ധതികളിലാണ് സേവനനികുതി നിയമം ലംഘിച്ച് കരാറുകാർക്ക് തുക നല്കിയത്. നിയമപ്രകാരം സേവനനികിതിയിൽ 50%നാണ് ഗ്രാമപഞ്ചായത്തിന് ബാധ്യത. ബാക്കി 50%കരാറുകാരന്റെ ബാധ്യതയാണ്. സേവനനികുതി മുഴുവൻ തുകയും തിരിച്ച് നല്കിയതിലൂടെ കരാറുകാരന്റെ ബാധ്യത കൂടി പഞ്ചായത്ത് വഹിച്ചിരിക്കുകയാണ്.

തെറ്റായ നടപടി തിരുത്തിയോ നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്ന് ഈടാക്കിയോ പഞ്ചായത്തിനുണ്ടായ നഷ്ടം ക്രമീകരിക്കേണ്ടതാണ്.

1. ആനകേറിപറമ്പ് പാലം(പ്രോജക്ട് 105/17 -അടങ്കൽ ലോകബാങ്ക് സഹായം 11ലക്ഷം) പണിയുടെ കരാറുകാരന് 61170രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്ന് സേവനനികുതി തിരികെ കൊടുത്തതായി കാണുന്നു(എം.ബുക്ക് 7/16-17,ബിൽ 19/16-17,25-02-17-529207രൂപ, ബിൽ 25/16-17,30.03.17-551462രൂപ). നിയമപ്രകാരം സേവനനികിതിയിൽ 50% കരാറുകാരന്റെ ബാധ്യതയാണ്. അതിനാൽ അധികം നല്കിയ സേവനനികുതി-6112/2-30585രൂപ കരാറുകാരനിൽ നിന്ന് പലിശ സഹിതം ഈടാക്കി ലോകബാങ്ക് സഹായത്തിന്റെ ശീർഷകത്തിൽ ഒടുക്കേണ്ടതാണ്.
2. പിഎച്ച്സിക്ക് പൊതുടോയിലറ്റ്(പ്രോജക്ട് 103/17,അടങ്കൽ റോഡിതര സംരക്ഷണഗ്രാന്റ് 206000).കരാറുകാരന് 8355രൂപ സേവനനികുതി തിരികെ കൊടുത്തു (എം.ബുക്ക് 3/16-17,17/16-17 ബിൽ 22/16-17, 30-03-17-147601രൂപ). കരാറുകാരൻ സേവനനികുതി ഒടുക്കിയ രസീത് ഹാജരാക്കിയിട്ടില്ല. അതിനാൽ ഇയാൾക്ക് സേവനനികുതി തിരികെ കൊടുത്തത് തെറ്റാണ്. 8355രൂപ പലിശ സഹിതം തിരികെ ഈടാക്കി എം ജി റോഡിതര ശീർഷകത്തിൽ ഒടുക്കേണ്ടതാണ്.

ഈ പദ്ധതിയിൽ പുതിയ നിർമാണത്തിന് റോഡിതര സംരക്ഷണഗ്രാന്റ് വകമാറ്റിയതായി കാണുന്നു മാർഗരേഖ അനുസരിച്ച് വിട്ടുകിട്ടിയ ആസ്തികളുടെ സംരക്ഷണത്തിനാണ് ഗ്രാന്റ് ചെലവഴിക്കേണ്ടത്. ഫണ്ട് വകമാറ്റത്തിന് വിശദീകരണം/സാധൂകരണം ലഭ്യമല്ല. അതിനാൽ ആകെ ചെലവിൽ അനുവദിക്കാത്ത സേവനനികുതി കിഴിച്ച് 139246രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 3-20 വേപ്പ് ഗ്രാമം പദ്ധതി-മാർഗ്ഗരേഖക്ക് വിരുദ്ധമായി സബ്സിഡി അനുവദിച്ചു

21600/-ബിൽ നം.2/16-17 തീയതി 23.3.17.

വി.എഫ്.പി.സി.കെ യിൽ നിന്നും 21600/- രൂപ ചെലവഴിച്ച് 1440 കറിവേപ്പ് തൈകൾ വാങ്ങി നൽകിയിട്ടുണ്ട്. 100% സബ്സിഡിയാണ് പദ്ധതിയിൽ അനുവദിച്ചിരിക്കുന്നത്. ജി.ഒ (എം.എസ്) 4/16തസ്വഭവ 11.1.16 ഉത്തരവ് പ്രകാരം മറ്റ് ഫല-പുഷ്പ-വാഴ, തൈകൾ, ഔഷധ സസ്യ കൃഷിക്ക് അനുവദനീയമായ സബ്സിഡി 75% ആണ്. പച്ചക്കറി വിത്ത്, തൈകൾ എന്നിവക്ക് 100% സബ്സിഡി അനുവദനീയമായതിലാണ് തൈകൾ സൌജന്യമായി നൽകിയതെന്നാണ് മറുപടി നൽകിയത്. എന്നാൽ കറിവേപ്പ് പച്ചക്കറിതൈ ആണ് എന്നത് മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല. 1440 കറിവേപ്പിൻ തൈകളുടെ വിലയായി സബ്സിഡി ഈയിനത്തിൽ വികസനഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നത് 16,200/-രൂപ മാത്രമാണ് (21600x75%). കറിവേപ്പിൻ തൈകളുടെ വില ഇനത്തിൽ വികസനഫണ്ടിൽ നിന്നും അധികമായി ചെലവഴിച്ച 5400/-രൂപ (21600-16200) ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-21 ഇ.എം.എസ് ഭവനപദ്ധതി:-

1. ആനുകൂല്യം കൈപ്പറ്റിയവർ ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല.

ഇ.എം.എസ് ഭവന പദ്ധതിയുടെ രജിസ്റ്റർ പ്രകാരം ഒന്നാം ഗഡു കൈപ്പറ്റിയ അഞ്ച് പേരും രണ്ടാം ഗഡു കൈപ്പറ്റിയ അൻപത്തിമൂന്ന് പേരും മൂന്നാം ഗഡു കൈപ്പറ്റിയ അൻപത്തിആറ് പേരും ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. എന്നാൽ ഹാജരാക്കിയ ജിപിആർഎംഎസ് (ജൂൺ-2017) സ്റ്റേറ്റ്മെന്റ് പ്രകാരം ഒന്നാം ഗഡു കൈപ്പറ്റിയ ഒരാളും രണ്ടാം ഗഡു കൈപ്പറ്റിയ മൂന്ന് പേരും മൂന്നാം ഗഡു കൈപ്പറ്റിയ നാല് പേരും ആണ് ഭവന നിർമ്മാണം പൂർത്തിയാക്കാനുള്ളത്. ഭവനനിർമ്മാണം പൂർത്തിയാക്കാനുള്ളവരുടെ കൃത്യമായ പേര് വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്അന്വേഷണം ന.21/29.07.17ന് മറുപടി നൽകിയില്ല.

ആനുകൂല്യം കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തിയാക്കാത്തവരുടെ കൃത്യമായ വിവരം, നൽകിയ തുക തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം എന്നിവ അറിയിക്കേണ്ടതാണ്. ഭവനനിർമ്മാണ വായ്പയിൽ ചെലവഴിക്കാതെ തുക അവശേഷിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിവരവും നൽകേണ്ടതാണ്.

2. ഇ.എം.എസ് ഭവന വായ്പ -ബാക്കിയുള്ള ലോൺ തുക തിരിച്ചടക്കാൻ നടപടി സ്വീകരിച്ചില്ല.

ഇ.എം.എസ് ഭവനപദ്ധതിയുടെ ലോൺ പാസ്ബുക്ക് പരിശോധിച്ചതിൽ വായ്പ എടുത്തതിൽ 2553678/-രൂപ തിരിച്ചടക്കാനുണ്ട്. മറ്റുഫണ്ടുകളിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ഉപയോഗിച്ച് വായ്പ പൂർണ്ണമായും തിരിച്ചടക്കാൻ നടപടി സ്വീകരിക്കാവുന്നതാണ്. സർക്കാർ നിർദ്ദേശം നടപ്പാക്കി പലിശയിനത്തിൽ സർക്കാരിനുള്ള അധിക ബാധ്യത ഒഴിവാക്കേണ്ടതാണ്.

## 3-22 സാനിട്ടറി യൂണിറ്റ് നിർമ്മാണം-സ്വച്ഛ്ഭാരത് മിഷൻ ഫണ്ട് പൂർണ്ണമായും ലഭിച്ചില്ല

സാനിട്ടറി കക്കൂസ് ഇല്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും ടോയിലറ്റ് നിർമ്മിക്കുന്നതിനുള്ള ഒ.ഡി.എഫ് ക്യാമ്പയിൻ തൻവർഷം നടപ്പാക്കിയിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 201 ടോയിലറ്റുകളും വികസനഫണ്ട് ഉപയോഗിച്ച് 172ടോയിലറ്റുകളും ആണ് നിർമ്മിച്ചിട്ടുള്ളത്. കേന്ദ്രഫണ്ട് ലഭിക്കാത്തതിനാൽ വികസന ഫണ്ടിൽ നിന്നും ആണ് 172ടോയിലറ്റുകൾക്കുള്ള മുഴുവൻ തുക 2648800/- (172x15400)യും ചെലവഴിച്ചത്. സ്വച്ഛ്ഭാരത് മിഷനിൽ നിന്നും 2064000/- (172x12000) രൂപ ലഭിക്കേണ്ടിടത്ത് രണ്ടു ഗഡുക്കളായി 1628640/- രൂപയാണ് ലഭിച്ചത്. ഇതിൽ 918720/- രൂപ പ്രോജക്ടുകൾക്കായി ചെലവഴിച്ചിട്ടുണ്ട് എന്നും ബാക്കി തുക ശുചിത്വമിഷൻ അക്കൌണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെന്നുമാണ് ഓഡിറ്റ് അന്വേഷണം നം.8ന് മറുപടി നൽകിയത്.

തിരികെ ലഭിച്ച തുക അനിവാര്യ പ്രോജക്ടുകൾക്ക് വിനിയോഗിച്ച ശേഷം ബാക്കിയുള്ളത് ശുചിത്വ

പ്രോജക്ടുകൾക്കായി വിനിയോഗിക്കണമെന്ന് 28.12.16 ലെ വികേന്ദ്രികാസൂത്രണത്തിനായുള്ള സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 435360/-രൂപ ലഭിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും ലഭിക്കുന്ന തുക മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി വിനിയോഗിക്കേണ്ടതുമാണ്.

## 3-23 ഗുണഭോക്തൃവിഹിതം പിരിക്കുന്നതിന് രസീത് ബുക്ക് ഉപയോഗിച്ചില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച പൈപ്പ് കമ്പോസ്റ്റ് പദ്ധതിയുടെ ഗുണഭോക്തൃവിഹിതമിനത്തിൽ 3026/-രൂപ 28.3.17 ൽ രസീത് നം.11603106045 പ്രകാരം പഞ്ചായത്തിൽ അടച്ചിട്ടുണ്ട്. മുപ്പത്തിനാല് പട്ടികവർഗ്ഗ കുടുംബങ്ങളാണ് പദ്ധതിയിലെ ഗുണഭോക്താക്കൾ. ഊര്മൂപ്പൻ തുക ശേഖരിച്ച് പഞ്ചായത്തിൽ അടച്ചതിനാൽ അദ്ദേഹത്തിന്റെ പേരിലാണ് രസീത് നൽകിയിട്ടുള്ളത്.

വ്യക്തിഗത ആനുകൂല്യം അനുവദിച്ച പദ്ധതിയിൽ ഗുണഭോക്തൃവിഹിതം പിരിക്കുന്നതിന് പഞ്ചായത്തിന്റെ രസീതു ബുക്കുകൾ ഉപയോഗിക്കാതിരുന്നത് ശരിയായ നടപടിയല്ല. ധനദുർവിനിയോഗത്തിന് കാരണമാകുമെന്നതിനാൽ ഗുണഭോക്തൃവിഹിതം പിരിക്കുന്നതിന് പഞ്ചായത്തിന്റെ രസീത് ബുക്കുകൾ ഉപയോഗിക്കുന്നതിനും വിഹിതം അടക്കുന്ന വ്യക്തികളുടെ പേരിൽ രസീത് നൽകുന്നതിനും നിർവഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്ക് പരിശോധന

സ്ഥാപനത്തിന്റെ 2016-17 വർഷത്തെ വരവുചെലവ് കണക്കിന്റെ സംക്ഷിപ്തം താഴെച്ചേർക്കുന്നു.

| | | |
|---|---|---|
| മുന്നിരിപ്പ് | : | 7683490 |
| വരവ് | : | 46329542 |
| ആകെ | : | 54013032 |
| ചെലവ് | : | 43171819 |
| നീക്കിയിരിപ്പ് | : | 10841213 |

അപാകതകൾ

I.ട്രഷറി ടി.എസ്.ബി അക്കൌണ്ടിലെ നീക്കിയിരുപ്പ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ജനറൽപർപ്പസ് ഗ്രാന്റിൽ നിന്നും മൂന്ന് അലോട്ട്മെന്റുകൾ പ്രകാരമുള്ള 1748595/- രൂപ ട്രഷറിയിൽ ക്രെഡിറ്റ് ആയിട്ടില്ല. ഈ തുക വാർഷിക കണക്കിൽ വരവ് ചെലവുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാലും പാസ് ബുക്കിൽ ചെക്ക് നം.823793/31.03.17 പ്രകാരം പിൻവലിച്ച 176380/- രൂപ ഉൾപ്പെടുത്താത്തതിനാലും ആണ് നീക്കിയിരിപ്പു തുകയിൽ വ്യത്യാസം ഉണ്ടായത്.

II.എ).ജില്ലാസഹകരണ ബാങ്ക്, ഹരിപ്പാട് ശാഖയിലെ തനതുഫണ്ട് അക്കൌണ്ടിന്റെ റീകൺസിലേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന തുകകളുടെ ചെക്ക് ഇതുവരെയും ബന്ധപ്പെട്ടവർക്ക് നൽകിയിട്ടില്ല.

1.ചെക്ക് നം.1314/09.04.15 -85/-

2.ചെക്ക് നം.3634/26.06.15 -34/-

3.ചെക്ക് നം.25999/25.03.17 -800/-

ചെറിയ തുകകളായതിനാലാണ് 1,2 ചെക്കുകൾ കൈപ്പറ്റാതിരുന്നതെന്നും ക്രമ നം.3ലെ ചെക്ക് റീ വാലിഡേറ്റ് ചെയ്ത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.

ബി). കാലഹരണപ്പെട്ട ചെക്കുകൾ ഉൾപ്പെട്ടിരിക്കുന്നു.

1.ചെക്ക് നം.468921/21.10.14 -2,000/-

2.ചെക്ക് നം.473200/05.03.15 -514/-

3. ചെക്ക് നം.20022/30.09.16 –2681/-

4. ചെക്ക് നം.20088/21.10.16 –3400/-

ചെക്കിന്റെ കൌണ്ടർഫോയിൽ പരിശോധിച്ചതിൽ പ്രസ്തുത ചെക്കുകൾ നൽകിയിട്ടുണ്ട്. അപാകതക്ക് വ്യക്തമായ വിശദീകരണം ലഭിച്ചില്ല.

III.മൂന്ന് അലോട്ട്മെന്റുകൾ ട്രഷറിയിൽ ക്രഡിറ്റ് ചെയ്യാത്തതിനാൽ ജനറൽ പർപ്പസ് ഗ്രാന്റിന്റെ വരവ് RP-31 ലെ വരവുമായി (6994380/-)പൊരുത്തപ്പെടുന്നില്ല.

1V.RP-43-Sundry Debtors(Recievables) ൽ Prop.tax on Res.building (arrears),Prop.tax on Non Res.building (arrears) പ്രകാരമുള്ള വരവുകൾ മുൻ വർഷ ബാലൻസ് ഷീറ്റ് (B15ഷെഡ്യൂൾ) പ്രകാരം പിരിച്ചെടുക്കാനുള്ള തുകയിൽ (245420/-)കൂടുതലാണ്.

V.വാർഷിക കണക്ക് പ്രകാരം താമസ ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് 1101485/- ആണ്. എന്നാൽ RP-43 പ്രകാരമുള്ള വരവ് 1272804/- ആണ്.

VI.ട്രേഡേഴ്സ് തൊഴിൽനികുതി ഇനത്തിലെ കുടിശ്ശിക വരവ് (RP-43-13640/-)മുൻവർഷ ബാലൻസ് ഷീറ്റ് പ്രകാരം ഇല്ല..

VII.വസ്തു നികുതി ഇനത്തിൽ 2016-17-ൽ ലഭിക്കാനുള്ള തുകയുടെ ഡിമാന്റ് വാർഷിക കണക്കും സഞ്ജയ സോഫ്റ്റ്വെയറും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | വാർഷിക കണക്ക് പ്രകാരമുള്ള തുക | സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തുക |
|---|---|---|
| വസ്തുനികുതി അരിയർ | 245420/- | 1563739/- |
| വസ്തുനികുതി കറന്റ്. | 2101429/- | 2258389/- |

സ്ഥാപനത്തിന്റെ തൻവർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിന്റെ സംക്ഷിപ്തം താഴെപ്പറയുന്നു

| | | |
|---|---|---|
| ആദായം | : | 148402574 |
| (-) ചെലവ് | : | 149015673 |
| (-)പ്രയർ പീരീഡ് ഐറ്റം | : | 1111858 |
| ഡെഫിസിറ്റ് | : | 498759 |

1. RP അക്കൌണ്ട് പ്രകാരം വസ്തുനികുതി ഇനത്തിൽ ലഭിച്ച തുക, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക വരവ് എന്നിവയുമായി പൊരുത്തപ്പെടുത്തുമ്പോൾ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-1 ലെ

വസ്തുനികുതി ഡിമാന്റ് തുകക്ക് (2101429/-) കൃത്യതയില്ല.

2. പ്രയർപീരീഡ് ഐറ്റത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന Prop.tax on Res.building -(556782/-), Prop.tax on Non Res.building-(639178/-) തുകകൾ വിശദീകരിച്ചിട്ടില്ല. ആയതിനാൽ ഈ തുകകളുടെ കൃത്യത പരിശോധിച്ചുറപ്പാക്കാൻ കഴിഞ്ഞില്ല.

3.എസ്.സി.പി ഫണ്ടിൽ നിന്നുള്ള ചെലവ് ഡവലപ്മെന്റ് ഫണ്ട് (ജനറൽ) നൊപ്പം I-6ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ബാലൻസ് ഷീറ്റ്

| | | |
|---|---|---|
| ആകെ ആസ്തി | : | 31792737 |
| (-)റിസർവ്വും earmarked fundഉം ഉൾപ്പെടെ ആകെ ബാധ്യത | : | 35900931.8 |
| പഞ്ചായത്ത് ഫണ്ട് | : | (-)4108194.8 |

1.കോൺട്രാക്ടേഴ്സ് റിടെൻഷൻ ഇനത്തിൽ തിരികെനൽകിയ 14522/- രൂപ ഉൾപ്പെടുത്താത്തതിനാൽ ഷെഡ്യൂൾ ബി-7 പ്രകാരം ഈ ഇനത്തിലെ തുക ഡെപ്പോസിറ്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

2.ബനഫിഷ്യറി കോൺട്രിബൂഷൻ വൌച്ചർ നം.41600283/31.03.17 പ്രകാരം നൽകിയ 15975/-രൂപ ഉൾപ്പെടുത്താത്തതിനാൽ ഷെഡ്യൂൾ ബി-4 തുക വ്യത്യാസപ്പെട്ടിരിക്കുന്നു. യഥാർത്ഥത്തിൽ ബെനഫിഷ്യറി കോൺട്രിബൂഷൻ നൽകാനുള്ളത് 710/- രൂപയാണ്.

3.FixedAsset ൽ ഉൾപ്പെട്ടവ ഏതെല്ലാമെന്ന് ഇനം തിരിച്ചറിയാൻ കഴിയാത്തതിനാൽ മുഴുവൻ ആസ്തികളും സചിത്ര സോഫ്റ്റ് വെയറിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് പരിശോധിച്ചുറപ്പാക്കാൻ കഴിഞ്ഞില്ല.

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 28.03.17 | 50000 | So30/17 പാലിന് സബ്സിഡി | 50000 | - |
| ജില്ലാ പഞ്ചായത്ത് | 28.03.17 | 49000 | So30/17 പാലിന് സബ്സിഡി | 49000 | _ |
| ജില്ലാ പഞ്ചായത്ത് | 31.03.2017 | 53000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | - | 53000 |
| ബ്ലോക്ക് പഞ്ചായത്ത് | 31.03.17 | 53000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | - | 53000 |

4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി.നം./ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | കുടിവെള്ള വിതരണം | 40/16-17/ 27.12.16 428794/-<br>ചെക്ക് നം. 823763/ 3.2.17 171206/-<br>6/16-17/ 28.03.12 | 650000 | - | 650000 |
| ഗ്രൌണ്ട് വാട്ടർ | കുഴൽ കിണർ | 34/16-17/ 27.12.16 | 700000 | - | 700000 |

| ഡിപ്പാർട്ട്മെന്റ് | | | | | |
|---|---|---|---|---|---|

4-4മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇഎംഎസ്സ് ഭവനപദ്ധതി | 323/2010 ത.സ്വ.ഭ.വ തീയതി,29.01.10 | 11610000 | 3877888 | 1324210 | 2553678 |

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-7ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 6242/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2006-07 | 3-9 | 5656 | രമണികുമാരിയമ്മ സെക്രട്ടറി | 11603100548/ 24.05.2017 |
| 2002-03 | 3-1(1) | 586 | കെ.കൃഷ്ണൻകുട്ടി | 11603100602/ 28.05.16 |

4-8സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1999-2000 | 3-33 | 2001-02 | മണ്ഡരി നിവാരണവും | പഞ്ചായത്ത് മറുപടി |

| | | | | |
|---|---|---|---|---|
| | | | തെങ്ങുകൾക്ക് മരുന്ന് തളിയും | നൽകിയിട്ടുണ്ട്. |

4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 46329542 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 43171819<br>43171819 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 347738/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3121265/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-7 | | 10333+പലിശ | ശ്രീ.ഗീവർഗ്ഗീസ്,സെക്രട്ടറി, ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി |
| 3-10 | | 42500 | ശ്രീ.ഗീവർഗ്ഗീസ്,സെക്രട്ടറി |
| 3-15 | | 56509+പിഴപലിശ | ശ്രീ.സി.രാജൻ,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-16 | | 223689+പലിശ | ശ്രീ.സി.രാജൻ,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-17 | | 5750 | ശ്രീ.സി.രാജൻ,<br>അസിസ്റ്റന്റ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| 3-18 | | 3557 | ശ്രീ.സി.രാജൻ,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-20 | | 5400 | ശ്രീമതി.ബെറ്റി വർഗ്ഗീസ്, കൃഷിഓഫീസർ |
| ആകെ | | 347738/- | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 153954 | പി.എ .ഗീവർഗ്ഗീസ്, സെക്രട്ടറി |
| 3-3 | 495000 | തോമസ്ജോൺ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 3-4 | 135000 | ശ്രീമതി.ബെറ്റി വർഗ്ഗീസ്, കൃഷിഓഫീസർ |
| 3-6 | 100000 | പി.എ .ഗീവർഗ്ഗീസ്, സെക്രട്ടറി |
| 3-8 | 1350000 | പി.എ .ഗീവർഗ്ഗീസ്, സെക്രട്ടറി |
| 3-9 | 47000 | പി.എ .ഗീവർഗ്ഗീസ്, സെക്രട്ടറി |
| 3-10 | 152840 | പി.എ .ഗീവർഗ്ഗീസ്, സെക്രട്ടറി |
| 3-11 | 200000 | ഡോ.റ്റി.ജി.സിജി, മെഡിക്കൽ ഓഫീസർ ഹോമിയോ |
| 3-12 | 55736 | ഡോ.ശ്രീനി.ആർ, ആയൂർവേദ മെഡിക്കൽ ഓഫീസർ |
| 3-13 | 289005 | ഡോ.അരുണാരാജ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

| | | |
|---|---|---|
| 3-15 | 3484 | ശ്രീ.സി.രാജൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-19 | 139246 | ശ്രീ.സി.രാജൻ, അസ്സി.എഞ്ചിനീയർ |
| ആകെ | 3121265/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക നം. 3-4, 3-5

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഗീവർഗ്ഗീസ്,സെക്രട്ടറി | സെക്രട്ടറി, പത്തിയൂർഗ്രാമഞ്ചായത്ത് | മുല്ലശ്ശേരിൽ നെബു വില്ല, മുട്ടം.പി.ഒ,ഹരിപ്പാട് |
| ശ്രീമതി.ബെറ്റി വർഗ്ഗീസ്, കൃഷിഓഫീസർ | കൃഷിഓഫീസർ, കുമാരപുരം ഗ്രാമപഞ്ചായത്ത് | കോട്ടയാടിയിൽ പുത്തൻവീട്, പല്ലാരിമംഗലം,മാവേലിക്കര |
| ശ്രീ.തോമസ്ജോൺ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കുമാരപുരം ഗ്രാമപഞ്ചായത്ത് | കാട്ടു നിലത്ത് കാളക്കുടിയിൽ, നിരണം സെൻട്രൽ പി.ഒ, തിരുവല്ല |
| ഡോ. സിജി., മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, കുമാരപുരം ഗ്രാമപഞ്ചായത്ത് | മംഗലപ്പള്ളി വടക്കതിൽ, വെട്ടുവേനി, ഹരിപ്പാട്. |
| ഡോ.അരുണാരാജ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, കുമാരപുരം ഗ്രാമപഞ്ചായത്ത് | ലതിക,ഹൌസ് നം.885, എം.ഒ.വാർഡ്,പാലസ് വാർഡ്, ആലപ്പുഴ. |
| ശ്രീ,രാജൻ.സി., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കുമാരപുരം ഗ്രാമപഞ്ചായത്ത് | ഷൈലജാ ഭവനം, ചുനക്കര നോർത്ത്.പി.ഒ |
| ഡോ.ശ്രീനി.ആർ, ആയുർവേദമെഡിക്കൽ | ആയുർവേദമെഡിക്കൽ ഓഫീസർ, കുമാരപുരം | പാലപ്പുറത്ത് വീട്, കരുവാറ്റ.പി.ഒ |

| | | |
|---|---|---|
| ഓഫീസർ | ഗ്രാമപഞ്ചായത്ത് | |

4-10 <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 മുതൽ 2005-06 വരെ | എൽ.എഫ്.ജിഎ.5-1832/11/12.2.12 |
| 2006-07 മുതൽ 2009-10 വരെ | എൽ.എഫ്.ജിഎ.5-1577/13/12.5.14 |
| 2010-11,11-12 | എൽ.എഫ്.എ.പി3-48/13/7.2.13/10.4.13 |
| 2012-13 | എൽ.എഫ്.എ.പി.11/79/15/26.3.15/5.5.15 |
| 2013-14 | കെ.എസ്.എ-എ.പി.ഇസഡ്-പി11-678/15 |
| 2014-15 | കെ.എസ്.എ-എ.എൽ.പി.-പി11-550/16/31.05.16 |
| 2015-16 | കെ.എസ്.എ-എ.എൽ.പി.-പി11-564/16/06.01.17 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.
.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ

# അനുബന്ധം

•

നം. കെ.എസ്.എ-എ.എൽ.പി/പി11-1048/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

തീയതി: 07.08.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.
.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP/P11-1048/2017

Kerala State Audit Department,

District Audit Office, Alappuzha.

Date: 07.08.2017

## *AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of kumarapuram Grama Panchayat in Alappuzha District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of kumarapuram Gramapanchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

.
.

Deputy Director

Kerala State Audit Department

Alappuzha